

പുസ്തകം ൧൧.) ൧൯൨൫ ഫെബ്രുവരി (ലക്കം ൨

അമ്പതുനോമ്പു്.

കത്തോലിക്കാ സുറിയാനി ക്രൈസ്തവാനികൾ പതിവായി അനുസരിച്ചു വരുന്ന അമ്പതുനോമ്പു് തുടങ്ങുന്നതു ഈ മാസം ൧൯-ാം തിയ്യതി ആണല്ലൊ. നോമ്പു്, ഇഛയടക്കം, തപസ്സു് മുതലായ സുകൃത്യങ്ങളെപ്പറ്റിയുള്ള സംഭാഷണങ്ങൾ തന്നെ നവീനകാലത്തെ സുഖപ്രിയന്മാർക്കു് ഹാസ്യവിഷയമാണെന്നുള്ളതു സ്പഷ്ടമാണു്. ശരീരസുഖങ്ങളെ അനുഭവിക്കുന്നതിലും അതിനുപയുക്തങ്ങളായ വസ്തുക്കൾ എന്തുതന്നെയായാലും ഉപയോഗിക്കുന്നതിലും എന്തു തെറ്റാണുള്ളതെന്നു മേല്പറഞ്ഞ സ്വതന്ത്രന്മാർ രഹസ്യമായിട്ടെങ്കിലും ചോദിക്കാതിരിക്കുന്നില്ല. ഇവരെപ്പറ്റി 'അവരുടെ ഉദരം അവരുടെ ദൈവം' എന്നമട്ടിലുള്ളവരെന്നല്ലാതെ മറ്റൊന്നും പറയാനില്ല. ഈക്കൂട്ടർ ഇഹലോകഭാഗ്യത്തെയല്ലാതെ നിത്യഭാഗ്യത്തെ അറിയുകയൊ ആഗ്രഹിക്കുകയൊ ചെയ്യുന്നില്ലെന്നു തോന്നിപ്പോകുന്നു. പഴുദീസായിൽവച്ചു നരകസർപ്പം ഹവ്വായോടു 'നിങ്ങൾ എന്തുകൊണ്ടു വിലക്കപ്പെട്ട കനിയുടെ പഴം തിന്നുന്നില്ല; ദൈവത്തോടു നിങ്ങളെ സമന്മാരാക്കുന്ന ഈ കനി നിങ്ങൾക്കായി വിലക്കപ്പെട്ടതെന്ത്' എന്നും മറ്റും ചോദിച്ചതും, മേൽ പ്രസ്താവിച്ചവരുടെ രഹസ്യസംഭാഷണവും തമ്മിൽ വലിയ വ്യത്യാസം ഉണ്ടെന്നു തോന്നുന്നില്ല. ഹവ്വായും അവളുടെ ഭർത്താവായ ആദവും വിലക്കപ്പെട്ട കനിയെ സേച്ഛാനുസരണം ഭക്ഷിച്ചതുകൊണ്ടാണ് നാം നോമ്പുനോൽക്കുന്നതിനും തപസ്സ് അനുസരിക്കുന്നതിനും കാരണമായതു്. മനുഷ്യനിൽ ദുരാശകളും മാംസേച്ഛകളും ബലപ്പെട്ടതും ജഡം ആത്മത്തോടു മുതലിക്കുന്നതിനാരംഭിച്ചതും അന്നുമുതലാണ്. ആദം പിഴച്ചതിൽപിന്നീടു ആത്മീയ സൽകൃത്യങ്ങളെ അനുഷ്ഠിച്ചുകൊണ്ടു മനുഷ്യൻ നിത്യരക്ഷ പ്രാപിക്കാതിരിക്കത്തക്കവണ്ണം അവന്റെ ശരീരം ബലമായി പോരാടിക്കൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള ശരീരദുരാശകളെ അമർത്തുന്നതിനും, പാപഹരത്തിനും പൈശാചികതന്ത്രങ്ങളോടു എതിർക്കുന്നതിനും നോമ്പു്, ഉപവാസം, തപസ്സു് മുതലായതു വളരെ ഉപകരിക്കുന്നതാണ്. നോമ്പിന്റെയും തപസ്സിന്റെയും അരുപിയെ നമ്മെ പഠിപ്പിച്ചതു ദിവ്യരക്ഷകനായ മിശിഹാതന്നെയാണ്. താൻ തന്നെ നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു. പൂർവ്വക്രൈസ്തവാനികൾ തപസ്സു് ജീവിതത്തിൽ യോഗ്യമാംവണ്ണം മിശിഹായെ പിൻചെന്നനുകരിച്ചവരെന്നു തിരുസഭാചരിത്രം നമ്മെ പഠിപ്പിക്കുന്നു. ദാവീദു, ഏലിയാ, ദാനിയേൽ ആദിയായ പ്രവാചകന്മാരും വലിയ അന്തോനീസ്, പൌലോസ് മക്കാരിയൊസ് തുടങ്ങിയുള്ള വനവാസികളും മിശിഹായുടെ വേദത്തെപ്രതി തങ്ങളുടെ ജീവനെ ബലികഴിച്ച സഹദേന്മാരും ഒരുപോലെ നോമ്പിന്റെയും തപസ്സിന്റെയും ഉത്തമദൃഷ്ടാന്തങ്ങൾ ആ

കുന്നു. പൂർവ്വകാലത്തിലെ ക്രൈസ്തവന്മാരുടെ ഉപവാസവും നോമ്പും എപ്രകാരമുള്ളതായിരുന്നു എന്നു നല്ലവണ്ണം മനസ്സിലാക്കിയാൽ നിശ്ചയമായി നാം ലജ്ജിക്കേണ്ടിവരും. നോമ്പുകാലങ്ങളിൽ ദിവസംതോറും വൈകുന്നതുവരെ ഉപവാസമായിരുന്നതിനെകഴിച്ചുകൂട്ടുക പതിവായിരുന്നു. നോമ്പുകാലത്തിൽ ഒരുനേരത്തെ മിതമായ ഭക്ഷണം അവർ കഴിക്കുന്നതിൽ ഉണ്ടാകുന്ന മിച്ചം ഭിക്ഷക്കാർക്കു കൊടുത്തുകൊണ്ടിരുന്നു. സുഖഭോഗവിഭവങ്ങളോടുകൂടിയ ഭക്ഷണങ്ങൾ നോമ്പുകാലത്തു ഒരുനാളും കഴിക്കുന്നതല്ല. ഭക്ഷണസമയത്തല്ലാതെ യാതൊരു പാനവും നോമ്പുകാലങ്ങളിൽ അവർ കഴിച്ചിരുന്നില്ല. വെള്ളമല്ലാതെ വിഞ്ഞോ മറ്റു ലഹരിസാധനങ്ങളോ ഭക്ഷണസമയത്തുപോലും ഉപയോഗിക്കുന്നതല്ല എന്നു വിശുദ്ധ ആഗസ്തീനോസു പറയുന്നു. മാംസവർജ്ജനയും മദ്യവർജ്ജനയും ഇല്ലാത്ത നോമ്പു അവർ സ്വീകരിച്ചിരുന്നില്ല. ഗ്രിഗോരി നെസൻ പറയുന്നതായതു്:– "ആയുസ്സിന്റെ വെള്ളം ഒരുകാലത്തു കുടിക്കാമെന്നുള്ള ആശയിന്മേലാണു ഞങ്ങൾ ഇപ്പോൾ വിഞ്ഞും മാംസവും വർജ്ജിക്കുന്നതു്". ആദം നിഷ്കളങ്കനായിരിക്കെ പറുദീസായിൽവെച്ചു ചെയ്തതുപോലെ ഞങ്ങൾ മാംസവും ലഹരിപദാർത്ഥവും വർജ്ജിക്കയും സന്യാദികളെ ഭക്ഷിക്കയും വെള്ളം മാത്രം പാനമായി ഉപയോഗിക്കയും ചെയ്യുന്നു' എന്നു വി. ബസ്സേലിയോസു പറയുന്നു. ഇപ്രകാരമുള്ള നോമ്പു നോൽക്കുന്നവർ നമ്മുടെ കാലത്തിൽ ഉണ്ടോ? എന്നാൽ സ്ഥലസൌകര്യങ്ങളും കാലാവസ്ഥയും അനുസരിച്ചു വി. സഭ നമ്മിൽ നിന്നും ആവശ്യപ്പെടുന്ന വിധത്തിൽ നോമ്പുനോൽക്കുന്നതിനു നമുക്കു കടമുണ്ടു്. വിശപ്പു് എന്നുള്ള ശത്രുന്യായം നോക്കിക്കൊണ്ടു് വിശുദ്ധ വള്ളി കല്പിക്കുന്ന നോമ്പും ഉപവാസവും കാക്കാതിരിക്കുന്നതു തെറ്റാണു്. തന്നെത്തന്നെ ത്യജിച്ചു കുരിശിനെ എടുത്തു മിശിഹായെ പിൻചെല്ലുന്നതാണു് രക്ഷയ്ക്കുള്ള വഴി. മിതഭക്ഷണംകൊണ്ടും നോമ്പുകൊണ്ടും ഉദരാശയെ അമർത്തുകയും കാമാഗ്നിയെ കെടുത്തുകയും മാംസോഷ്മയെ തടുക്കയും ചെയ്യാത്തവനിൽ സ്വനിഗ്രഹം എങ്ങനെയുണ്ടാകും? വല്ലൊരുത്തന്റെ ശരീരാവസ്ഥ വല്ലതായ ഉപവാസത്തിനുതകുന്നതല്ലാതെവന്നാൽ അവന്റെവികാരങ്ങളേയും പഞ്ചേന്ദ്രിയങ്ങളേയും ഈ തപസ്സുകാലങ്ങളിൽ എങ്കിലും ഒന്നു അടക്കി ജീവിക്കേണ്ടതാണു്. ദൈവരിരുമന്സാലെ വരുന്ന ശരീരസങ്കടങ്ങളെ ക്ഷമയോടെ സഹിക്കുന്നതും ഒരുവിധം നോമ്പ് എന്നു പറയാം. അമിതമായ തീനുംകുടിയും നോമ്പുകാലത്തിലെങ്കിലും ഉപേക്ഷിക്കേണ്ടതാണു്. മദ്യപാനനിരോധകല്പനയുടെ ആന്തരവും നോമ്പു നോൽക്കണമെന്നുള്ള കല്പനയും തമ്മിൽ വലിയ യോജ്യതയുണ്ടു്. ലഹരിസാധനങ്ങളും മാംസവും മറ്റു സുഖകരപദാർത്ഥങ്ങളും മനുഷ്യരുടെ ഉപയോഗത്തിനായി ദൈവം അനുവദിച്ചിട്ടുള്ളതാണല്ലൊ. അവയെ യാതൊരുത്തൻ യഥേഷ്ടം ഉപയോഗിക്കുന്നതുകൊണ്ടുള്ള വിരോധമെന്താണെന്നും മറ്റും ചിലർ പറയുന്നുണ്ടു. പുരിടിസായിലുള്ള വിവിധകനികളും ആദിമനുഷ്യന്റെ ഉപയോഗത്തിന്നായി സ്ഥാപിക്കപ്പെട്ടതാണു്. എങ്കിലും ആദത്തിന്റെ ഗുണത്തെ മുൻകൂട്ടി തുക്കുൺപാത്ത സർവ്വേശ്വരനാണു ഒരു മരത്തിന്റെ കനി തിന്നുകൂടായെന്നു അയാളോടു കല്പിച്ചതു്. അതിനാൽ വിശ്വാസികളെ രക്ഷാമാർഗ്ഗത്തിൽകൂടി നയിക്കുന്ന വി. സഭയും, തന്റെ കീഴുള്ളവരുടെ ആത്മോപകാരത്തിന്നായി ചില നിബന്ധനകൾ വെക്കുന്നതു ദൈവനിശ്വയവും ന്യായവുമാകുന്നു. നല്ലയിടയന്മാർ അവരുടെ ആടുകൾക്കു വരാൻ പോകുന്ന ആപത്തുകളിൽ നിന്നു് അകറ്റുന്നതിനും അവരെ നല്ല മേച്ചിൽ സ്ഥലങ്ങളിൽ കൊണ്ടുപോകുന്നതിനും പ്രയത്നിക്കുന്നതു സ്വാഭാവികമാണു്. അപ്പൊഴൊ പ്രിയ വായനക്കാരെ അടുത്തുവരുന്ന നോമ്പുകാലങ്ങളെ ഉപകാരപ്രദമാക്കിത്തീർക്കുന്നതിനു ശ്രമിക്കണം. തിരുസഭ നമ്മുടെ ഉപകാരത്തെ മാത്രം ഉദ്ദേശിച്ചു നിശ്ചയിച്ചിരിക്കുന്ന നോമ്പു ചടങ്ങുകളെ ശരിയായി കാക്കണം. മധുവജ്ജനനിശ്ചയത്തെ മതിക്കയും പ്രവൃത്തിയാൽ അനുസരിക്കയും ചെയ്യണം. 'നി

ങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു' എന്ന വാക്യത്തെ സദാ ഓർത്തു ജീവിക്കണമെന്നു അറിയിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

Y.Jhn. 2. 5

ശുദ്ധികരണ തിരുനാൾ.

കുംഭമാസത്തിലെ തിരുനാളുകളിൽ വച്ചു ദൈവമാതാവിന്റെ ശുദ്ധികരണ തിരുനാൾ ഏറ്റം പ്രാധാന്യമുള്ളതാകുന്നു വല്ലോ. ഈ തിരുനാളിനു സമുപ്പണ തിരുനാൾ എന്നും, മെഴുകുതിരി പെരുനാൾ എന്നും ക്രുടി പേരുണ്ട്. 'മൂശയുടെ ധർമ്മാനുസരണം അവളുടെ ശുദ്ധികരണത്തിന്റെ നാളുകൾ തികഞ്ഞശേഷം, അവർ അവനെ കർത്താവിനു സമുപ്പിപ്പാൻ വേണ്ടി ഓർശ്ലേമിലേക്കു കൊണ്ടുപോയി എന്നു' ഈ തിരുനാളിൽ വായിക്കപ്പെടുന്ന സുവിശേഷത്തിന്റെ ആദ്യവാക്യത്തെയാണു് ആദ്യത്തെ രണ്ടുപേരുകൾ സൂചിപ്പിക്കുന്നതു്. മൂന്നാമത്തെ പേരു് ഞാൻ ലോകത്തിന്റെ വെട്ടമാകുന്നു എന്നു് ന. കർത്താവിന്റെ വാക്യപ്രകാരം സാക്ഷാൽ ലോകത്തിന്റെ പ്രകാശമായ ഈശോമ്ശിഹായെ മറിയവും വൃദ്ധനായ ശിമയോനും ഇന്നത്തെ ദിവസം തങ്ങളുടെ കരങ്ങളിൽ വഹിച്ചതിനെ ഓർമ്മിക്കുവാൻ വേണ്ടി, ആശീർവ്വദിക്കപ്പെട്ടതും കത്തിക്കപ്പെട്ടതും ആയ മെഴുകുതിരികളെ ഈ തിരുനാളിൽ നാം കയ്യിൽ വഹിക്കുന്നതുകൊണ്ടുമുണ്ടായിട്ടുള്ളതാകുന്നു. ഈ വലിയ തിരുനാൾ നമ്മെ പഠിപ്പിക്കുന്ന ജ്ഞാനപാഠങ്ങളെ സംബന്ധിച്ചു സല്പുനരത്തേക്കു നമുക്കു വിചിന്തനം ചെയ്യാം.

൧. ഇന്നു മാനുഷാവതാരം ചെയ്ത നരദേവനായ ഈശോ, ആദ്യമായി ദേവാലയത്തിൽ പ്രവേശിക്കുന്നു. ഈശോയും മറിയവും ലോകരക്ഷക്കായി ബലി സമുപ്പിക്കുന്നു. മറിയം തന്റെ പുത്രനെ നമ്മുടെ പാപങ്ങളുടെ പരിഹാരബലിയായും നമ്മുടെ വീണ്ടെടുപ്പിന്റെ വിലയായും പിതാവായ ദൈവത്തിനു സമുപ്പിക്കുന്നു. ഇപ്രകാരം ബലിയായി ദൈവത്തിനു സമുപ്പിക്കപ്പെട്ട തന്റെ പുത്രനെ, മറ്റു തള്ളമാരെപ്പോലെ 'സീക്കൽ' എന്നു പേരുള്ള അഞ്ചു പണം കൊടുത്തു വീണ്ടുകൊണ്ടുവെക്കിലും, ഇതു് ബലിക്കായി വളർത്തപ്പെടുന്ന ചെമ്മരിയാട്ടിനെപ്പോലെ, ഭൂലോകദോഷ പരിഹാരാർത്ഥം ശ്ലീവായിൽ പിന്നീടു അങ്ങേ ബലികഴിപ്പാൻവേണ്ടി വളർത്തുവാനായിരുന്നു. ഇതാ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അത്ഭുതം! മറിയത്തിന്റെ ദൈവസ്നേഹവും പരസ്നേഹവും സ്വഭാവികമായ മാതൃസ്നേഹത്തെയും വാത്സല്യത്തെയും കവിയുന്നു. എന്നാൽ നമ്മിൽ സ്വസ്നേഹവും സ്വകാര്യ തല്പരതയും ദൈവമഹിമയെയും പരന്മാരുടെ ആത്മരക്ഷയെയും ലഘുതരമായി വിചാരിക്കുന്നില്ലയോ? അകയാൽ ദൈവസ്തുതിക്കായും ആത്മരക്ഷക്കായും ബലിചെയ്യുന്നതിൽ, സ്വസ്നേഹത്തെയും സുഖത്തെയും പരിത്യജിക്കുന്നതിനു ദൈവജനനി ഇന്നു നമ്മെ പഠിപ്പിക്കുന്നു.

൨. ഈശോമ്ശിഹാ നമുക്കുവേണ്ടി തന്റെ മാതാവിന്റെ കരങ്ങളാൽ മാത്രമല്ല, തന്നെത്താൻ സ്വമനസ്സാലെ പിതാവിനു തന്നെതന്നെ ബലി സമുപ്പിക്കുന്നു. അങ്ങനെ പിറന്നിട്ടു നാല്പതുനാൾ മാത്രമെ ആയുള്ളുവെങ്കിലും ദിവ്യജ്ഞാനിയും പക്വവിവേകവും തനിക്കുണ്ടായിരുന്നതുകൊണ്ടു നമ്മെ പിശാചിന്റെ അടിമത്വത്തിൽനിന്നു രക്ഷിക്കുന്നതിനും, നമ്മുടെ പാപം മൂലം പിതാവായ ദൈവത്തിനു സംഭവിച്ച അവമാനത്തെ പരിഹരിക്കുന്നതിനും വേണ്ടി, നിയുക്തകാലത്തിൽ തന്റെ രക്തമെല്ലാം ചിന്തി ബലികഴിപ്പാൻ സന്നദ്ധനായിക്കൊണ്ടു ഇന്നു അങ്ങനെ തന്നെത്തന്നെ സ്വമനസ്സാലെ തന്റെ പിതാവിനു സമുപ്പിക്കുന്നു. പിതാവായ ദൈവവും തനിക്കു ഏറ്റവും ഇഷ്ടമായുള്ള ഈ ബലിയെ സന്തോഷസമേതം മനുഷ്യജാതിയുടെ പാപപരിഹാരാർത്ഥം സ്വീകരിക്കുന്നു.

ഇതാ നാം എങ്ങനെ ദേവാലയത്തിൽ പ്രവേശിക്കണം എന്നും, എപ്രകാരമുള്ള

ബലിദൈവത്തിന്നുസമർപ്പിക്കേണം എന്നും നമ്മെ പഠിപ്പിക്കുന്ന ഉത്തമമാതൃക; ദേവാലയം ജപത്തിന്റെയും ബലിയുടെയും സ്ഥലമാകുന്നു. ദൈവത്തിനു ഏറ്റവും സ്വീകാരയോഗ്യമായ ബലി നമ്മെതന്നെയും നമ്മുടെ ഹൃദയത്തെയും അങ്ങേക്കു സമർപ്പിക്കുന്നതാണ്. മറിയത്തിന്റെ കരങ്ങൾ മൂലം അഥവാ അവളുടെ നിർമ്മല ഹൃദയം വഴിയായി നമ്മുടെ നിരുപണ വചന പ്രവൃത്തികളെ നാം ദൈവത്തിന്നു സമർപ്പിക്കണം. നാം കർത്താവിന്നു ആരാധനയുടെയും സ്തോത്രത്തിന്റെയും അനുതാപത്തിന്റെയും ജപത്തിന്റെയും ബലിയെ സമർപ്പിക്കണം.

൨. മറിയം ഇന്നു ദേവാലയത്തിൽ പോയി ലോകരക്ഷാർത്ഥം തന്റെ പുത്രനെ ദൈവത്തിന്നു കാഴ്ചവെക്കമാത്രമല്ല ചെയ്തു, മൂശയുടെ പ്രമാണം സാധാരണ അശുദ്ധിയുള്ളവരായ സ്ത്രീകളെ ഉദ്ദേശിച്ചു കഴിച്ചിരുന്ന ശുദ്ധീകരണ കർമ്മങ്ങളെയും അനുസരിക്കുന്നു. ദൈവജനനി ഈ പ്രമാണം അനുസരിപ്പാൻ കടപ്പെട്ടവളല്ലായിരുന്നു എങ്കിലും നിർമ്മല കന്യക ശുദ്ധീകരണ ചട്ടം അനുവർത്തിക്കുന്നു. അമലോത്ഭവ, പാപികളായ അമ്മമാർക്കായുള്ള നിയമത്തെ നിവൃത്തിക്കുന്നു. ഹാ! അനുസരണത്തിന്റെയും താഴ്മയുടെയും എന്നൊരു അത്ഭുതം! അവൾ വാസ്തവത്തിൽ ആയിരിക്കുന്നതിനു വിരോധമായി ലോകം അവകളെ വിചാരിക്കുന്നതിനു സമ്മതിക്കുന്നു. നാം മറിയത്തെ അനുകരിക്ക; നമ്മുടെ മനസ്സാക്ഷി നമുക്കു നല്ല സാക്ഷ്യം തരാമെങ്കിൽ മതി, ലോകം എന്തെങ്കിലും നമ്മെപറ്റി വിചാരിക്കയും പറകയും ചെയ്തുകൊള്ളട്ടെ.

മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ നമുക്കു യഥാർത്ഥത്തിൽ ശുദ്ധീകരണത്തിന്റെ തിരുനാളായിരിക്കണം. അശുദ്ധമായുള്ളതൊന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല. ആകയാൽ എല്ലാ പാപങ്ങളിൽനിന്നും നമ്മുടെ മനസ്സാക്ഷിയെ നാം ശുദ്ധീകരിക്കണം. നല്ല പാപസങ്കീർത്തനം മൂലം ശുദ്ധീകരിക്കപ്പെട്ട മനസ്സാക്ഷിയെ വീണ്ടു അശുദ്ധമാക്കാതിരിപ്പാൻ നാം താല്പർയപ്പെടണം. വിശേഷിച്ചു ഇന്നു നാം കൈയിൽ വഹിക്കുന്ന കർത്തൃനന്മെഴുകുതിരി മറിയവും ഈശോയും നമുക്കു കാണിച്ചുതന്ന ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും രീതിയെ ജ്ഞാപകപ്പെടുത്തുന്നു. നാമും ദൈവസ്തുതിക്കായും ആത്മാവുകളുടെ രക്ഷയ്ക്കായും നമ്മെ മുഴുവൻ ദൈവത്തിന്നു ബലിയായി സമർപ്പിച്ചുകൊണ്ടു സ്നേഹത്തിന്റെ ജ്വാലയിൽ എരിയണം. ക്രൂശതെയും വിശുദ്ധ ശെമഓൻ രക്ഷിതാവിനെ തന്റെ കരങ്ങളിൽ വഹിപ്പാൻ ഭാഗ്യം കിട്ടിയതിൽ ഏറ്റവും ആഹ്ലാദചിത്തനായി ഇഹലോകം വിടുവാൻ തയ്യാറാകുന്നു. ആ രക്ഷിതാവിനെതന്നെ നമ്മുടെ കരങ്ങളിലല്ല ഹൃദയത്തിന്റെ അന്തരാംഗങ്ങളിൽ സ്വീകരിച്ചു സൽക്കരിപ്പാൻ ഭാഗ്യാതിരേകം ലഭിച്ചവരായ നാം എത്രയോ അധികം സന്തോഷിക്കേണ്ടതാകുന്നു.

Y.G.Z. 2. D.

വിശുദ്ധ കുർബ്ബാനയെ സന്ദർശിക്ക.

൩. ദിവ്യരക്ഷകൻ യൂദന്മാരുടെനടുവിൽ സഞ്ചരിക്കയും അവരുടെ ഭവനങ്ങളിൽ ഭക്ഷിക്കയും പാനം ചെയ്കയും അവരുടെ രോഗികളെ സുഖപ്പെടുത്തുകയും മറ്റനവധി അത്ഭുതങ്ങൾ അവരുടെ കൺമുമ്പാകെ പ്രവർത്തിക്കയും ചെയ്തിരുന്നെങ്കിലും അവർ തന്നെ അറിയുകയോ ആചരിക്കയോ ചെയ്തിരുന്നില്ല. ഇതിനെപ്പറ്റി നാം യൂദന്മാരുടെ മൌഢ്യതയെ അതിശയിക്കയും അവരുടെനേക്കു വിരസവും കോപവും നമ്മിൽ ഉള്ളവാകുന്നതായി സ്പർശിക്കയും ചെയ്യുന്നു. എന്നാൽ ആ കർത്താവുതന്നെ നമ്മുടെ മദ്ധ്യേ ന. ദേവാലയങ്ങളിൽ എഴുന്നള്ളിയിരിക്കയും അവിടെ മേല്പറഞ്ഞതിനേക്കാൾ വലുതായ അത്ഭുതങ്ങൾ പ്രവൃത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു എങ്കിലും നാം അങ്ങേ വേണ്ടുംവണ്ണം വണങ്ങാതെയും ആചരിക്കാതെയും സന്ദർശിക്കാതെയും തന്നെ അറിയാത്തതുപോലെ നാം കാണിക്കയും

ചെയ്യുന്നതിനെപറ്റി നമ്മെ തന്നെ നാം ഏതുയോ അധികം കുറച്ചെടുത്തുകയും ശാസിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ മാലാഖാമാരുടെ ദൃഷ്ടാന്തം നമ്മെ ലജ്ജിപ്പിക്കയും പഠിപ്പിക്കയുംചെയ്യട്ടെ. എന്തെന്നാൽ അവർ നമ്മുടെ ദിവ്യകാരുണ്യ കർത്താവിന്റെ സന്നിധിയിൽ എല്ലായ്പോഴും ദണ്ഡനമസ്കാരം ചെയ്തുസ്തുതിക്കയുംആരാധിക്കയുംമഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദൈവം നമുടെനേക്ക് കാണിക്കുന്ന അനന്തമായ സ്നേഹത്തെക്കുണ്ടു വിസ്മയപരവശരായിപ്പോകയും ചെയ്യുന്നു. ഈ ദിവ്യരഹസ്യം അവക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതല്ലെങ്കിലും ഈ വിധ ആരാധനാബഹുമാനങ്ങൾ ഒക്കെയും അവർ ചെയ്യുന്നെങ്കിൽ, നമുക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ ക്രൂശാസനയിൽ അങ്ങേ സ്നേഹിക്കയും വണങ്ങുകയും ചെയ്യുന്നതിൽ ഈ സഭ്രാതൃപികളെ ജയിപ്പാൻ കഴിഞ്ഞില്ലെങ്കിലും കുറഞ്ഞപക്ഷം അവരുടെ മാതൃകയെ അനുകരിക്കയെങ്കിലും ചെയ്യേണ്ടതാണെന്നു അവർ നമ്മെ പഠിപ്പിക്കുന്നു. ഇതിനാൽ വി. ദാവിദു ദീഘ്ദശിയോടുകൂടെ നാം ഇപ്രകാരം പാടേണ്ടിയിരിക്കുന്നു. "ഞാൻ മാലാഖാമാരുടെ മുമ്പാകെ അങ്ങേ സ്തുതികളെ പാടും; എന്റെ സ്നേഹത്തെക്കുറിച്ചു അങ്ങുന്നു എഴുന്നള്ളിയിരിപ്പാൻ ചിത്തമായ ബലിപീഠത്തിന്റെ മുമ്പാകെ അങ്ങേ വിശുദ്ധ ദേവാലയത്തിങ്കലേക്കു തിരിഞ്ഞു ഞാൻ ആരാധിക്കും; അങ്ങേ കൃപയേയും സത്യത്തെയും കുറിച്ചു അങ്ങേ വിശുദ്ധ നാമത്തെ ഞാൻ സ്തുതിച്ചുകൊണ്ടാടും'.'

മനുഷ്യരുടെ ഇടയിൽ സ്നേഹിതന്മാർ തമ്മിൽ അന്യോന്യം സന്ദർശിക്കാതിരിക്കുന്നതു വലിയ ഉപചാരശൂന്യമായ പ്രവൃത്തിയായി ഗണിക്കപ്പെടുന്നു. ഈ മൌഢ്യപ്രവൃത്തിയെ ഏതുയും നികൃഷ്ടജാതിക്കാർപോലും ഒരിക്കലും ചെയ്യുന്നതല്ല. അപ്പോൾ ആകാശത്തിന്റെയും ഭൂമിയുടേയും സൃഷ്ടാവായ ദൈവം നമ്മെ സന്ദർശിക്കുവാൻവേണ്ടി ഇത്രയധികം താഴ്മ കാണിച്ചു എങ്കിൽ അങ്ങേക്ക നാം പ്രതിസന്ദർശനംചെയ്യുന്നതു എത്രയോ ന്യായവും യുക്തവും ആകുന്നു. അങ്ങുന്നു നമ്മെമഹത്വപ്പെടുത്തുവാനും തന്റെസ്നേഹചിഹ്നങ്ങളെ നമുക്കു കാണിപ്പാനുംവേണ്ടി എഴുന്നള്ളിവരുന്നു. ഇതിന്നായി നമ്മുടെ ബലിപീഠങ്ങളിന്മേൽ തന്റെ സ്നേഹസിംഹാസനത്തിന്മേൽ എന്നപോലെ രാപകൽ എല്ലായ്പോഴും എഴുന്നള്ളിയിരിക്കുന്നു. അകയാൽ നാം അങ്ങേ സന്ദർശിച്ചുകൊണ്ടു നമ്മുടെ സ്നേഹബഹുമാനങ്ങളെ അങ്ങേക്കു നാം സമർപ്പിക്കേണ്ടിയിരിക്കുന്നു. രാപകൽ അങ്ങേ തിരുമുമ്പിൽ അകമ്പടി നില്ക്കുണ്ടതു നമ്മുടെ കടമയാകുന്നു. ഇതിനു പാടില്ലെങ്കിൽ കഴിയുന്നിടത്തോളം ക്രൂടെക്രൂടെയെങ്കിലും അങ്ങേ തിരുമുമ്പിൽ ചെല്ലേണ്ടതു് നമ്മുടെ കർത്തവ്യകർമ്മമാകുന്നു.

൨. ഈ ചുമതല ന്യായമായിട്ടുള്ളതു മാത്രമല്ല മധുരമുള്ളതും മനോഹരമുള്ളതും ആകുന്നു. തന്റെ അപ്പനെ സന്ദർശിക്കുന്നതു ഒരു ഭാഗ്യമായി കരുതാത്ത മകൻ ഉണ്ടോ? തന്റെ സഹോദരനെ കാണ്മാൻ ആഗ്രഹിക്കാത്ത ഏതെങ്കിലും സഹോദരൻ ഉണ്ടോ? തന്റെ മണവാളന്റെ സാന്നിധ്യത്തെ ഇഷ്ടപ്പെടാത്ത മണവാട്ടി ഏതാണ്? ഒരു സ്നേഹിതനു അവന്റെ സ്നേഹിതനെ സന്ദർശിക്കുന്നതിനേക്കായിലും വലുതായ സന്തോഷം മറെന്താണുള്ളതു? അപ്പഴോ ഈ അലസിഭാഗസ്ഥലത്തിൽ എല്ലായിടത്തും എല്ലായ്പോഴും ന. ദിവ്യരക്ഷകനായ ഈ ശോമ്ശിഹാ നമ്മുടെ അടുക്കൽ ഉണ്ടായിരിക്കുന്നതു നമുക്കു എത്രയോ അവർണ്ണനീയമായ ആശ്വാസമായിരിക്കുന്നു. അങ്ങേയോടു സംസാരിക്കുന്നതിനും നമ്മുടെ ഹൃദയം മുഴുവനും തുറന്നു തന്നെ കാണിക്കുന്നതിനും നമ്മുടെ ആവശ്യങ്ങളെ എല്ലാം തന്നോടു അറിയിക്കുന്നതിനും മനോവിശ്വാസത്തോടുകൂടി പെരുമാറുന്നതിനും നമുക്കു സാധിക്കുന്നതു എത്രയോ ഭാഗ്യമായിരിക്കുന്നു! കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നേ ഒരാൾക്കു അവന്റെ സഹോദരനോ മണവാട്ടിയോ സ്നേഹിതനോ അവനെ ചെന്നു കണ്ടു ആശ്വസിപ്പിക്കുന്നതിനും ഭക്ഷണം കൊടുത്തു പോറ്റുന്നതിനും സന്തോഷിപ്പിക്കുന്നതിനും അനുവദിക്കപ്പെടുന്നതായാൽ

അതു എത്രയോ വലിയ ഭാഗ്യമായി അവൻ കരുതും? എന്നാൽ അവന്റെ സ്നേഹിതൻ അവനെ പാറാവിൽനിന്നു വീണ്ടുകൊള്ളുന്നതിനു ശരണം കൊടുക്കയും ഒടുവിൽ അതു സാധിക്കയും ചെയ്യുന്നതായാൽ അവന്റെ സന്തോഷവും ആനന്ദവും എപ്രകാരമുള്ളതായിരിക്കും? എന്നാൽ പ്രിയസഹോദരങ്ങളെ! ഈ ഉദ്ദേശങ്ങൾക്കായിട്ടത്രേ നമ്മുടെ കർത്താവും നമ്മുടെ പിതാവും നമ്മുടെ സഹോദരനും നമ്മുടെ മണവാളനും നമ്മുടെ ഉത്തമ സ്നേഹിതനും നമ്മുടെ സമസ്വവും ആയ ഈശോ മ്ശിഹാ ഇഹലോകമെന്ന ഈ പാറാവിൽ കണ്ണുനീരുകളുടെ ഈ താഴ്വരയിൽ നമ്മോടുകൂടെ സ്വർഗ്ഗാ ഉണ്ടായിരിപ്പാൻ ചിത്തമായതു്.

ܗܘ ܕܐܡܪ ܐܢܐ ܥܡ̈ܟܘܢ ܐܢܐ ܟܠ ܝܘܡ̈ܝܐ ܥܕ ܣܘܦܐ ܕܥܠܡܐ.

"ഇതാ ഞാൻ ലോകാവസാനം വരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെ ഉണ്ടായിരിക്കുന്നു" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. (മത്തായി ൨൮. ൨൦.) ഇതു എത്രയോ ആനന്ദമായ ദയയായിരിക്കുന്നു! ദിവ്യജ്ഞാനം വിശേഷകൃപയാൽ യെശുസേപ്പിനോടുകൂടെ പാറാവിലേക്കു ഇറങ്ങി എന്നും അയാളുടെ ബന്ധനങ്ങളിൽ അയാളെ കൈവിട്ടില്ലെന്നും വേദപുസ്തകം സാക്ഷിക്കുന്നു. എന്നാൽ അവതരിച്ച ദിവ്യജ്ഞാനമായ ദൈവപുത്രൻ ഈ നിർഭാഗ്യപ്പെട്ട ജീവിതത്തിന്റെ പാറാവിൽ നമ്മോടുകൂടെ എല്ലായ്പോഴും വസിപ്പാൻ തിരുമനസ്സായതു ഇതിലും ഉപരിയായ മനഃപ്രസാദം അല്ലയൊ? ഇസിക്രാത്തേസ് എന്ന രാജ്ഞി അവളുടെ ഭർത്താവായ മിത്രീദാത്തേസ് രാജാവിനെ അത്യന്തം സ്നേഹിച്ചതിനാൽ അയാളെപ്രതി അവളുടെ ഭംഗിയേറിയ അലങ്കാരങ്ങളെ ഉപേക്ഷിക്കുന്നതു ഒരു മഹിമയായി കരുതി എന്നും അവളുടെ മനോഹരമായ തലമുടി ചേദിച്ചശേഷം പുരുഷവേഷം ധരിച്ചു കുതിരപുറത്തു കയറി തന്റെ സ്നേഹഭർത്താവിനെ എല്ലാ അപകടങ്ങളിലും അനുഗമിക്കുവതിവായിരുന്നു എന്നും കടശി മിത്രീദാത്തേസ് ജയശാലിയായ പൊമ്പെയുടെ സേനകളാൽ പരാജിതനാക്കപ്പെട്ടപ്പോൾ അവൾ അക്ഷീണമായ ധൈർയ്യത്തോടും അലംഘനീയ വിശ്വാസ്തതയോടും സുസ്ഥിരമായ സ്നേഹത്തോടുംകൂടെ അയാളെ ഒരിക്കലും വിടാതെ പിഞ്ചെന്നിരുന്നു എന്നും തന്നിമിത്തം ഈ ദുർഭാഗ്യരാജാവിന്റെ ഈ വ്യസനകരങ്ങളായ ദുരിതഷ്ടങ്ങളിൽ ഏറ്റവും വലുതായ ആശ്വാസവും സന്തുഷ്ടിയും ഉളവായിരുന്നു എന്നു വലേരിയൂസ് മാക്സിമൂസ് എന്ന ചരിത്രകാരൻ സാക്ഷിക്കുന്നു.

എന്നാൽ നമ്മുടെ ദിവ്യരക്ഷിതാവു ദിവ്യകാരുണ്യത്തിൽ തന്നെത്തന്നെ അനന്തമായവണ്ണം താഴ്ത്തിക്കൊണ്ടു നമുക്കു വേണ്ടി ചെയ്യുന്ന സ്നേഹത്തിന്റെ അത്ഭുതപ്രവൃത്തികൾ ഇതിലും എത്രയോ ഉപരിയായിട്ടുള്ളതാകുന്നു! ഇവയെ നാം ചിന്തിക്കുന്നതായാൽ അവ ഈ കണ്ണുനീർത്താഴ്വരയിൽ നമുക്കു നേരിടുന്ന ആത്മശരീരസംബന്ധമായ എല്ലാ ദുഃഖനഷ്ടങ്ങളേയും മുഴുവനായി ശമിപ്പിക്കയും മധുരമാക്കിത്തീർക്കയും ചെയ്യുന്ന എത്രയും ശക്തിയുള്ള ഒരുവക തൈലമായിരിക്കും. ഈ ആശ്വാസകരങ്ങളായ ഫലങ്ങൾ നമുക്കു അനുഭവിക്കണമെങ്കിൽ ഈശോമ്ശിഹായെ നാം സന്ദർശിക്കണം. പക്ഷെ ഈശോമ്ശിഹായെ ഞാൻ കാണുന്നില്ല. താൻ കുമ്പാനയിൽ എഴുന്നള്ളിയിരിക്കുന്നുണ്ടെന്നു ഞാൻ അറിയുന്നു. എന്നാൽ അതു ഒരു വലിയ ഭാഗ്യം തന്നെയാണെങ്കിലും ഞാൻ അങ്ങേ കാണാത്തതുകൊണ്ടു എന്റെ ആഗ്രഹത്തെ പൂർണ്ണതൃപ്തി വരുന്നില്ല എന്നു വല്ലൊരുത്തൻ പറയുമായിരിക്കും. അതിനു ഞാൻ മറുപടി പറയുന്നതായതു:— നാം തന്നെ കാണുന്നുണ്ടു. വി. യോഹന്നാൻ ക്രിസോസ്തോമോസ് ഇപ്രകാരം പറയുന്നു. പ്രിയസഹോദരാ നീ ഈശോയെ കാണുന്നതിനു ആഗ്രഹിക്കുന്നുവല്ലോ. എന്നാൽ നീ അങ്ങേ കാണുകയും തൊടുകയുംചെയ്യുന്നുണ്ടു. എന്തെന്നാൽ ശരീരനേത്രങ്ങളേക്കായിലും ഏറ്റവും തെളിവുള്ള ജ്ഞാനദൃഷ്ടിയായ വിശ്വാസത്തിന്റെ നേത്രങ്ങൾകൊണ്ടു നാം തന്നെ കാണുന്നു. എന്തുകൊണ്ടെന്നാൽ വിശ്വാസനേത്രങ്ങൾ സക്രാരിയുടെ വാതിക്കൽ അഥവാ തിരു

പരസ്നേഹം.

പരസ്നേഹം, പ്രസിദ്ധ വേദപാരഗനായ വി. തോമ്മാ പരിപ്പിക്കുന്നതുപോലെ ക്രിസ്തീയപുണ്യപൂർണ്ണതയുടെ സാരാംശങ്ങളിൽ ഒന്നാകുന്നു എന്നു സമ്മതിച്ചെ മതിയാവു. നമ്മുടെ ആത്മാവിന്റെ സുകൃതപ്രകാശവും പുണ്യപൂർണ്ണതയും മുഖ്യമായി ഈ പരസ്നേഹത്തെ അപേക്ഷിച്ചാണു ദൈവം മതിച്ചുതീരുമാനിക്കുന്നതു്. എന്തുകൊണ്ടെന്നാൽ പരസ്നേഹത്തെ ദൈവം സാരമായി കരുതിയിരിക്കുന്നതിനാൽ അതിനെ സകല മനുഷ്യരും സാരമായും കടമായും ആചരിക്കത്തക്ക ഒരു പ്രമാണമായിട്ടും ഒരിക്കലും മറന്നുപോകാതെ സദാ സ്മരിക്കത്തക്ക ഒരു സമയത്തിലും ആണ സ്ഥാപിച്ചിരിക്കുന്നതു്. എന്നാൽ ഈ പരസ്നേഹത്തിനു പ്രത്യേകിച്ചുള്ള ലക്ഷണങ്ങളെ വ്വരിക്കുന്നതിനു മുൻപായി, ഒരു സംഗതി അറിയേണ്ടതുണ്ടു്. അതായതു്. ഇവിടെ പറയാൻ പോകുന്ന പരസ്നേഹം നമ്മുടെ സമസ്തസൃഷ്ടികളിൽ നാം കാണുന്ന സ്വാഭാവിക ഗുണങ്ങളോടു നമുക്കുള്ള ഒരു തുല്യതയൊ യോജ്യതയൊ നിമിത്തം സഹജമായി തോന്നുന്ന സ്വാഭാവിക സ്നേഹമല്ല, കുറെക്കൂടി വിശദീകരിച്ചു പറയണമെങ്കിൽ സ്വാഭിപ്രായത്തോടും ആലോചനയോടും മറൊരുത്തൻ യോജിച്ചിരിക്കുന്നുവെന്നു കാണുമ്പോൾ അവനോടു സഹജമായി സ്നേഹം തോന്നും. കാരണം, സ്നേഹം മനച്ചേർച്ചയിലും മനച്ചേർച്ച തുല്യതയിലുമാണു ആസ്പദപ്പെട്ടിരിക്കുന്നതു്. സ്വാഭാവിക ഗുണങ്ങളുടെ തുല്യതയിൽ നിന്നുല്പാദിക്കുന്ന ഈ സ്നേഹം സമസൃഷ്ടികളായ മനുഷ്യർക്കു സഹജമായതും കാര്യങ്ങളുടെ ഗുണഭേദം അനുസരിച്ചു ഗുണാഗുണജനകമായതും ആണെങ്കിലും, ക്രിസ്തീയപുണ്യജീവിതക്രമത്തിൽ അധമവും സ്വർഗ്ഗപ്രാപ്തിക്കു അയോഗ്യവുമാണ്. എന്നാൽ അയൽക്കാരനെപ്രതിയൊ അവന്റെ ഗുണലക്ഷണങ്ങളെപ്രതിയൊ അല്ലാ; ദൈവത്തെപ്രതിമാത്രം നമ്മുടെ അയൽക്കാരനെ നാം സ്നേഹി

ഓസ്തിയുടെ നിറം ആകൃതി എന്നിവയിങ്കൽ നില്ക്കാതെ മുന്നോട്ടു കടന്നുചെന്നു വി. സക്രാരിയിൽ തിരുഓസ്തിയുടെ സാദൃശങ്ങളുടെകീഴ മറഞ്ഞിരിക്കുന്ന നമ്മുടെ കർത്താവിനെ കാണുന്നു. എന്നാൽ ഒരുവിധം പറഞ്ഞാൽ ശരിരനേത്രങ്ങൾകൊണ്ടുകൂടെയും തന്നെ കാണുന്നുണ്ടു. എന്തെന്നാൽ ഒരുവൻ തന്റെ ദേഹം മുഴുവനും വസ്ത്രങ്ങൾകൊണ്ടു മൂടപ്പെട്ടിരുന്നാലും നാം അയാളെ കാണുന്നുവെന്നു പറയുന്നുണ്ടല്ലോ. എന്തുകൊണ്ടെന്നാൽ നാം കാണുന്നതു ഒരു ഭ്രമമല്ല; വസ്ത്രംകൊണ്ടു മറഞ്ഞിരിക്കുന്നെങ്കിലും ആളിനെതന്നെയാണല്ലൊ. ഇപ്രകാരംതന്നെ നാം കർത്താവിനെ വി. കുർബ്ബാനയിൽ തിരുശിലകൾക്കുള്ളിൽ എന്നപോലെ അപ്പത്തിന്റെ സദൃശങ്ങളിൽ സത്യമായിട്ടു എഴുന്നള്ളിയിരിക്കുന്നതായി നാം കാണുന്നു. ഇതിനാൽ കൊളേത്തെ എന്ന വി. കന്യക ദിവ്യക്രൂശയിൽ മറഞ്ഞിരിക്കുന്ന ഈശോമ്ശിഹായെ ദർശിക്കുന്നതിനു ഇടയായ തന്റെ നേത്രങ്ങളെ ഭാഗ്യപ്പെട്ടവ എന്നു വിചാരിച്ചിരുന്നു. ഹംഗ്രിയാരാജാവിന്റെ പുത്രിയായ വി. മർഗരീത്താ ദിവ്യകാരുണ്യമുൽക്കൊണ്ടതിന്റെശേഷം തിരുഓസ്തിയിൽ നമ്മുടെ കർത്താവിനെ വീണ്ടും കാണുന്നതിനു മോഹിച്ചു്, കുർബ്ബാന കൈക്കൊണ്ടിരുന്ന ആളുകൾക്കു തുവാല പിടിച്ചു കൊടുക്കുന്നതിൽ വളരെ ഇഷ്ടപ്പെട്ടിരുന്നു. അപ്പോഴൊ നമ്മുടെ ദിവ്യരക്ഷകനെ വിശ്വാസത്തിന്റെ നേത്രങ്ങൾകൊണ്ടും ശരിരനേത്രങ്ങൾകൊണ്ടും കാണുന്നതിന്നായി നാം ക്രൂടക്കൂടെ വി. കുർബ്ബാനയെ സന്ദർശിക്ക. ഇപ്രകാരം നാം ചെയ്യാൽ ഒരിക്കൽ പരലോകത്തിൽ അങ്ങേ ദിവ്യസന്നിധാനത്തിന്റെ സകല ഐശ്വര്യാനന്ദങ്ങളേയും അനുഭവിപ്പാൻ ഭാഗ്യം സിദ്ധിക്കുമെന്നു നമുക്കു പൂർണ്ണമായി ശരണപ്പെടാം.

ക്കുന്നതിനു ഒരു നോട്ടം മാത്രം മതിയായിരുന്നു. അന്യരുടെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നതിനൊ അവരോടു സംസാരിക്കുന്നതിനൊ എനിക്കു ഒട്ടുംതന്നെ ധൈര്യമില്ലായിരുന്നു. സ്വഭവനത്തിലും,

ക്കുന്നതാകുന്നു ഇവിടെ പറയുന്ന പര സ്നേഹം.

ഇതിനാൽ വേദപാരഗനായ വി. ഗ്രിഗോരിയോസു പഠിപ്പിക്കുന്നതു പോലെ, യതൊരുത്തൻ മറ്റൊരുവനെ സ്നേഹിക്കുന്നതിനാൽ, അക്ഷരാർത്ഥത്തിൽ അവനു പരസ്നേഹം ഉണ്ടെന്നു പറയാമെങ്കിലും ദൈവസ്നേഹത്തിന്റെ ശാഖയായ ക്രിസ്തീയപരസ്നേഹം അവനുണ്ടെന്നു അനുമാനിച്ചുകൂടാ. വി. ബർണ്ണാർദ്ദു പഠിപ്പിക്കുന്നതായതു്: പരസ്നേഹം പൂർണ്ണമായതു് അഥവാ അതിസ്വാഭാവികമായതാണെങ്കിൽ ദൈവസ്നേഹത്തിൽ നിന്നു ജനിച്ചതായിരിക്കണം. വേറെ വാക്കായിട്ടു് 'അയൽക്കാരനെ ദൈവത്തിൽ നാം സ്നേഹിക്കണം'. അപ്പോഴോ ക്രിസ്തീയ പരസ്നേഹം നമ്മിലുണ്ടാകണമെങ്കിൽ, ദൈവത്തെക്കുറിച്ചു നമ്മേപ്പോലെ അയൽക്കാരനെ നാം സ്നേഹിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ക്രിസ്തീയപരസ്നേഹത്തിന്റെ സാക്ഷാൽ പ്രകൃതം നാം അറിഞ്ഞശേഷം ഇതിന്റെ വിശേഷതയും ഇതിനെ ആചരിക്കുന്നതിനുള്ള കടമയും ദൃഷ്ടാന്തീകരിക്കുന്നതിനുള്ള വിവിധ ന്യായങ്ങളിൽ പ്രഥമമായതു് ഖണ്ഡിതവും ഗൌരവവും വ്യക്തവും സ്മരണീയവുമായ ദൈവകല്പനയായിരിക്കുന്നു. ആകയാൽ ഈ ഔന്നത്യപുണ്യത്തിന്റെ അനുസരണയ്ക്കായി നമ്മെ ഉത്സാഹിപ്പിക്കുന്ന ചില സംഗതികളെപ്പറ്റി വിവരിക്കുന്നതു് കൂടുതലായ നമുക്കു് ഏറ്റവും പ്രയോജനകരമാകുമെന്നു വിചാരിക്കുന്നു.

൧. പരസ്നേഹപ്രമാണം ഖണ്ഡിതമായിരിക്കുന്നു. എന്തെന്നാൽ, നമ്മുടെ ദിവ്യരക്ഷകൻ സകല ദൈവപ്രമാണങ്ങളുടെയും സംഗ്രഹവും സാരാംശവുമായിട്ടാണു ഇതിനെ സ്ഥാപിച്ചിരിക്കുന്നതു്. എങ്ങനെയെന്നാൽ നിങ്ങളോടു ശേഷം മേൽ ചെയ്യാൻ ആഗ്രഹിക്കുന്നതൊക്കെ നിങ്ങളുടെ അയൽക്കാരനോടു നിങ്ങൾ ചെയ്തിൻ. (മത്താ. ൭. ൧൨.) എന്നും, വേറെ സ്ഥലത്തിൽ നിന്റെ മുഴുഹൃദയത്തോടും നിന്റെ മുഴു ആത്മാവോടും നിന്റെ മുഴു മനസ്സോടും നിന്റെ ദൈവമായ കർത്താവിനെ നീ സ്നേഹിക്കണം. ഇതു ഒന്നാമത്തേതും എല്ലായിലും വലിയതുമായ പ്രമാണമാകുന്നു. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം: എന്നീ രണ്ടാമത്തെ പ്രമാണം ഒന്നാമത്തേതിനു തുല്യമായിരിക്കുന്നു. ഈ രണ്ടു പ്രമാണങ്ങളിൽ സകല പ്രമാണവും ദിവ്യദർശനങ്ങളും അടങ്ങിയിരിക്കുന്നു (മത്തായി, ൨൨. ൩൭) എന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്തിരിക്കുന്നു. അപ്പോഴൊ ദിവ്യരക്ഷിതാവിന്റെ ഈ തിരുവാക്യങ്ങളിൽനിന്നു തെളിവായിരിക്കുന്നപോലെ ഈ പ്രമാണം സകല പ്രമാണങ്ങളിൽ മുഖ്യമായതും മറ്റു സകല പ്രമാണങ്ങളേയും ആചരിക്കുന്നതിനുള്ള കടമ ഇതിൽനിന്നു ഉല്പാദിക്കുന്നതുമാകയാൽ, ഇതു വളരെ ഖണ്ഡിതമായ ഒരു പ്രമാണമാകുന്നു. (തുടരും)

വന്ദ്യ കൊച്ചുത്രേസ്യായുടെ ചരിത്രസംക്ഷേപം.

ഇപ്രകാരമുള്ള എന്റെ ദുസ്വഭാവം നിമിത്തം അജാഗ്രതരായ മാതാപിതാക്കന്മാരാൽ ഞാൻ വളർത്തപ്പെട്ടിരുന്നെങ്കിൽ ഞാൻ വലിയ ദുഷ്ടയായി തീർന്നേനെ എന്നുമാത്രമല്ല, ഒരുപക്ഷെ എന്റെ ആത്മരക്ഷ തന്നെയും അപകടസ്ഥിതിയിലായേനെയെന്നു എനിക്കു ഉറപ്പായിതോന്നുന്നു. എന്നാൽ ഈശോമ്ശിഹാ തന്റെ മണവാട്ടിയെ സൂക്ഷിച്ചുകാത്തു എന്റെ പാപങ്ങളെത്തന്നെയും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു എനിക്കു ഉപകാരങ്ങളാക്കിത്തീർത്തു. എന്തെന്നാൽ എന്നിൽ അധികമായ സ്നേഹപ്രിയവും നന്മയിന്മേൽ സ്നേഹവും ഉണ്ടായിരുന്നതിനാൽ എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യരുതെന്നു ഒരിക്കൽ എന്നോടു പറഞ്ഞാൽ ഏറ്റവും തെളിവുള്ള ജ്ഞാനാവസ്ഥയായ വിശ്വാസത്തിന്റെ നേത്രങ്കൊണ്ടു നാം തന്നെ കാണുന്നു. എന്റെകൊണ്ടെന്നാൽ വിശ്വാസനേത്രങ്ങൾ, ക്രിയുടെ വാതിക്കൽ അഥവാ തി

ന്നതിന്ന എനിക്കും അതിയായ ആഗ്രഹം ഉണ്ടായിരുന്നു. എന്റെ സഹോദരികളുമായി ഭക്തിവിഷയങ്ങളെപ്പറ്റി പല പ്പോഴും സംസാരിച്ചിരുന്നു. 'ഇതു ചെറിയ ഒരോസ്സിയിൽ ദൈവം ഇരിക്കുന്നതെങ്ങിനെയെ'ന്നു സെലീൻ (കൊച്ചു ത്രേസ്യായുടെ ഒരു ജ്യേഷ്ഠത്തി) ഒരിക്കൽ ചോദിച്ചതിന്ന 'അതിൽ ഒട്ടുംതന്നെ അതിശയിപ്പാനില്ല എന്തുകൊണ്ടെന്നാൽ ദൈവം സർവ്വശക്തനാകുന്നു. സർവ്വശക്തനെന്നുവച്ചാൽ താൻ മനസ്സാകുന്നതൊക്കയും ചെയ്യാമെന്നല്ലെ അർത്ഥം' എന്നു ഞാൻ ഉത്തരം പറഞ്ഞു. ഇപ്രകാരം എന്റെ ശൈശവ ജീവിതം വളരെ സന്തോഷമായിട്ടും ഭാഗ്യമായിട്ടും കഴിച്ചുകൂട്ടി. അന്നത്തെ എന്റെ സ്വഭാവം മിക്കവാറും ഇപ്പോഴത്തേതുപോലെതന്നെയായിരുന്നു. എന്തെന്നാൽ അന്നും ഞാൻ എന്നെത്തന്നെ ജയിച്ചു. എനിക്കുള്ള വല്ല വസ്തുക്കളും എന്നിൽനിന്നു എടുക്കപ്പെടുകയൊ ഞാൻ ന്യായരഹിതമായി ശാസിക്കപ്പെടുകയൊ ചെയ്തിരുന്നപ്പോഴൊക്കയും ധൈര്യസമേതം ക്ഷമിച്ചു മൌനം കാത്തിരുന്നു.

എന്നാൽ മ്ശിഹായുടെ മണവാട്ടിയാകുന്നതിന്ന തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഞാൻ സങ്കടങ്ങളുടെ കാസാ കുടിക്കുന്നതിന്ന ആവശ്യമായിരുന്നു. എങ്ങിനെയെന്നാൽ, ഞാൻ അത്യധികമായി സ്നേഹിച്ചിരുന്ന എന്റെ അമ്മ അനേകമാസം ദീനമായി കിടന്ന ശേഷം ഹവ്വൈ ചിങ്ങം ൨൨-൦൯- ഭാഗ്യമായി മരണം പ്രാപിച്ചു. ഈ അവസരത്തിൽ ഞാൻ അനുഭവിച്ച ദുഃഖം എത്രയെന്നു വർണ്ണിക്കുവാനസാധ്യം: സങ്കടത്തിന്റെ ആധിക്യം നിമിത്തം എന്റെ സ്വഭാവം വളരെ അധികം വികൃതപ്പോയി. മുമ്പുണ്ടായിരുന്ന സന്തോഷവും തെളിവും മാറി, ഞാൻ വലിയ ഭീരുവും നെമ്മസ്വഭാവക്കാരത്തിയുമായിത്തീർന്നു. എന്റെ കണ്ണുകളിൽനിന്നു ബാഷ്പധാരകളെ വീഴിക്കുന്നതിന്ന ഒരു നോട്ടം മാത്രം മതിയായിരുന്നു. അന്യരുടെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നതിനൊ അവരോടു സംസാരിക്കുന്നതിനൊ എനിക്കു ഒട്ടുംതന്നെ ധൈര്യമില്ലായിരുന്നു. സ്വഭാവത്തിലും, സ്വസംബന്ധികളുടെ ഇടയിലും മാത്രമെ എനിക്കു സമാധാനം ഉണ്ടായിരുന്നൊള്ളു. എന്നാൽ ഇപ്രകാരമുള്ള വലിയ ദുഃഖത്തിൽ എന്റെ പിതാവും സഹോദരികളും എന്നോടു കാണിച്ചിരുന്ന വാത്സല്യം അധികമായി എന്നെ ആശ്വസിപ്പിച്ചിരുന്നു. അമ്മ മരിച്ചിട്ടു അധികം താമസിയാതെ ഞങ്ങൾ അലെൻസോൻ എന്ന സ്ഥലത്തുനിന്നു മാറി താമസിക്കുന്നതിന്ന അപ്പനെ പ്രോത്സാഹിപ്പിച്ചതു ഞങ്ങളുടെ അമ്മയുടെ വീട്ടു അവിടെയായിരുന്നതിനാൽ അശ്വന്റെ (അമ്മയുടെ സഹോദരൻ) യും മറ്റും സൂക്ഷം ഞങ്ങളുടെ മേൽ അധികമായി ഉണ്ടാകുന്നതിന്ന വേണ്ടിയായിരുന്നു. ഇങ്ങനെ പിതൃഭവനം ഉപേക്ഷിച്ചു മറ്റു സ്ഥലത്തു വാസം ഉറപ്പിച്ചതിൽ എനിക്കു ഒട്ടുംതന്നെ സങ്കടം തോന്നിയില്ല. കുട്ടികൾക്കു ഇപ്രകാരമുള്ള മാറ്റങ്ങൾ എപ്പോഴും സന്തോഷകരമാണല്ലൊ. അതിനാൽ ഈ അവസരത്തിൽ എനിക്കും അതിയായ സന്തോഷം ഉണ്ടായതെയുള്ളു. എന്നു മാത്രമല്ല, പുതിയ ഭവനത്തിൽ വന്നു കുറെ കഴിഞ്ഞതിനോടെ എന്റെ ചെറിയ ഹൃദയം വികസിച്ചു മുമ്പിലത്തെ സന്തോഷവും തെളിവും എന്നിൽ ഉല്ലാദിച്ചു തുടങ്ങുകയും ചെയ്തു. (തുടരും.)

ഫ്രാൻസിസ് .ഫ .ഫ

ഒരു നിശ്ചയം.

മാപ്പിളപ്പാട്ടുകളുടെ ആശീർവ്വാദം ഉള്ളതുകൊണ്ടുള്ള ത്രുപങ്ങളെ എത്രപ്രാവശ്യം പുണ്യദണ്ഡവിമോചനം പ്രാപിക്കുന്നുവെന്നു ചിലർ വിചാരിച്ചുപോരുന്നു. ഈ തെറ്റിദ്ധാരണ താഴെ വരുന്ന നിശ്ചയത്തിൽനിന്നു നീങ്ങിപ്പോകുന്നതാണ്. മാപ്പിളപ്പായലൊ അഥവാ അധികാരം ലഭിച്ചിട്ടുള്ള മറ്റാരാലൊ 'തോസിയെസ് കോപാസിയസ്' എന്നു പറയുന്ന പൂർണ്ണദണ്ഡവിമോചനം ഉള്ളതായി ആശീർവ്വദിക്കപ്പെട്ട ത്രുപങ്ങൾക്കുള്ള ഫലം എന്തെന്നാ

ൽ, മരണാവസ്ഥയിൽ കിടക്കുന്ന വിശ്വാസികളിൽ ആരെങ്കിലും കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടുകൊണ്ടോ ഇതിനു പാടില്ലെങ്കിൽ ഉത്തമ മനസ്താപപ്പെട്ടുകൊണ്ടോ ഈശോയുടെ പരിശുദ്ധനാമത്തെ നാവുകൊണ്ട് അല്ലെങ്കിൽ ഹൃദയംകൊണ്ടു ഭക്തിയോടെ വിളിക്കയും മരണത്തെ പാപത്തിന്റെ ശിക്ഷയായി ദൈവകൈയിൽനിന്നു ക്ഷമയോടെ സ്വീകരിക്കയും ചെയ്യുന്ന പക്ഷം ടി. രൂപത്തെ (അതു തനിക്കുള്ളതല്ലെങ്കിലും) മുത്തുകയൊ, വല്ല വിധത്തിൽ തൊടുകയൊ ചെയ്യാൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതാണ്.

Pius X. 10 June 1914.

പരിശുദ്ധപിതാവു

ഫ്രാൻ ബൈനദിക്തോസ മാപ്പുപ്പാ തിരുമനസ്സിലെ ഒന്നാമത്തെ തിരുവെഴുത്തുവിളംബരത്തിന്റെ സാരം.

വന്ദ്യസഹോദരന്മാരെ, ആരോഗ്യവും ഇടയന്നടുത്ത ആശിർവ്വാദവും.

നമ്മുടെ യാതൊരു യോഗ്യതയും ക്രിയാതെ, അഗ്രാഹ്യമായ ദൈവനിയോഗത്താൽ; നാം ശ്ലീഹന്മാരുടെ അനുഗ്രഹിതനായ പ്രഭുവരന്റെ സിംഹാസനത്തിലേയ്ക്കു ഉയർത്തപ്പെട്ടപ്പോൾ 'എന്റെ കുഞ്ഞാടുകളെ മേയിക്ക, എന്റെ ആടുകളെ മേയിക്ക' (ജോൺ ൨൧. ൧൫. ൧൭) എന്നു നമ്മുടെ കർത്താവു വിശുദ്ധപത്രോസിനോടു പറഞ്ഞതായ വാക്കുകളെ അതേസ്വരത്തിൽ നമ്മോടുതന്നെ പറഞ്ഞതായി വിചാരിച്ചിട്ട് നാം ഉടനെതന്നെ നമ്മുടെ നോട്ടത്തിൻകീഴ് ഏല്പിച്ചിട്ടുള്ള അജക്രൂട്ടത്തിന്റെ നേരെ- ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ അതു എല്ലാ മനുഷ്യരേയും സംബന്ധിക്കുന്നതാകയാൽ യഥാർത്ഥത്തിൽ ഒരു വലിയ അജക്രൂട്ടത്തിന്റെ നേരെ– തിരിച്ചു. എന്തുകൊണ്ടെന്നാൽ മ്ശിഹാ ആക്കുവേണ്ടി ഒരു മൂല്യമായി തന്റെ രക്തത്തെ ബലികഴിച്ചുവോ അവരെല്ലാം അദ്ദേഹത്താൽ പാപത്തിന്റെ അടിമയിൽനിന്നു മോചിക്കപ്പെട്ടിരിക്കുന്നു. ഈ ഉദ്ധാരണത്തിന്റെ ഗുണങ്ങളിൽനിന്നു യാതൊരാളും ഒഴിവാക്കപ്പെട്ടിട്ടില്ല. അതിനാൽ മനുഷ്യവർഗ്ഗത്തിന്റെ ഒരു ഭാഗം അവിടുത്തെ സഭയുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നു എങ്കിലും അതിൽവന്നു ചേരുന്നതിനു സ്നേഹത്തോടുകൂടെ മറ്റുള്ളവരേയും അവിടുന്നു നിർബന്ധിക്കുന്നുണ്ട്. 'ഒരു തൊഴുത്തിൽനിന്നുള്ളവയല്ലാത്ത മറെറാടുകളും എനിയ്ക്കുണ്ട്, അവറേറയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു; അവകളും എന്റെ സ്വരം കേൾക്കും; (ജോൺ ൧൦. ൧൬.) വന്ദ്യസഹോദരന്മാരെ, നമ്മുടെ ആത്മാവിൽ നാം ആദ്യം അനുഭവിച്ചതും അവിടെ നിശ്ചയമായും ദൈവനന്മയാൽ ഇളക്കപ്പെട്ടതുമായ വികാരം എല്ലാമനുഷ്യരുടേയും രക്ഷയ്ക്കായുള്ള അവിശ്വസനീയമായ ഒരു സ്നേഹത്തിന്റെയും ഉത്സാഹത്തിന്റെയും വികാരം ആകുന്നു എന്നുള്ളതു നാം നിങ്ങളിൽനിന്നു മറയ്ക്കുന്നില്ല. മാപ്പുപ്പായുടെ സ്ഥാനം സ്വീകരിക്കുമ്പോൾ, മശിഹായെ കുരിശിൽ തറയ്ക്കുന്നതിനു ഭാവിച്ചസമയം 'പരിശുദ്ധപിതാവെ, നീ എനിക്കു തന്നിട്ടുള്ളവരെ നിന്റെ നാമത്തിൽ നീ കാത്തുകൊള്ളേണമെ' (ജോൺ ൧൭ ൨.) എന്നു അവിടുന്നു പറഞ്ഞതായ ആഗ്രഹംതന്നെയാണ് നമുക്കുണ്ടായിട്ടുള്ളതു്.

ഒരു വ്യസനകരമായ കാഴ്ച.

ഒരു ശ്ലീഹായ്ക്കുടുത്ത സ്ഥാനത്തിന്റെ ഔന്നത്യത്തിൽനിന്നു, ഒരൊറെറനോട്ടത്തിൽ എന്നപോലെ, മനുഷ്യരെ സംബന്ധിച്ച സംഭവങ്ങളുടെ ഗതികളെ വിചിന്തനം ചെയ്യാൻ നമുക്കുകഴിവുണ്ട്. ലൌകിക (സിവിൽ) സമുദായത്തിന്റെ ദയനീയമായ സ്ഥിതി നാം നമ്മുടെ മുമ്പിൽ കാണുമ്പോൾ നമുക്കു അഗാധമായ വ്യസനമുണ്ടാകുന്നു. യൂറോപ്പിന്റെ എന്നല്ല, ലോകത്തിന്റെ മുഴുവൻതന്നെ കാഴ്ചയിൽ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ എല്ലാത്തിലും വലിയ ഭയങ്കരവും വ്യ

സനകരവുമായ കാഴ്ചയിൽ, എല്ലാ മനുഷ്യരുടേയും പിതാവു എന്ന നിലയിൽ നമുക്കു എങ്ങനെ കഠിനമായ അസ്വസ്ഥതയുണ്ടാകാതെയിരിക്കും? മിശിഹാദീക്ഷ ശ്രംചെയ്യ ദിവസങ്ങൾ യഥാർത്ഥത്തിൽ വന്നിട്ടുള്ളതുപോലെ തോന്നും. 'യുദ്ധങ്ങളും യുദ്ധശ്രുതികളും നിങ്ങൾ കേൾക്കും... എന്തുകൊണ്ടെന്നാൽ ജനത്തിന്നെതിരായി ജനവും രാജ്യത്തിന്നെതിരായി രാജ്യവും എഴുന്നേല്ക്കും.' (മത്തായി ൨൪. സു. ൬.) യുദ്ധത്തിന്റെ ഭയങ്കരമായ നിഴൽ എല്ലായിടത്തും പ്രധാനമായിരിക്കുന്നു. മറെറാരു കാഴ്ചയും മനുഷ്യരുടെ ശ്രദ്ധയെ അർഹിക്കുന്നില്ല. വലിയവരും അഭിവൃദ്ധിയിൽ ഇരിക്കുന്നവരുമായ ജാതികൾ യുദ്ധക്കളത്തിൽ ഇറങ്ങിയിരിക്കുന്നു. യുദ്ധതന്ത്രകൌശലത്താൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഭയങ്കരമായ നശീകരണസാധനങ്ങളുള്ളപ്പോൾ അവർ അന്യോന്യം യുദ്ധംചെയ്യ ഭയങ്കരമായ സംഹാരം നടത്തുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ?' കൊലപാതകത്തിന്നും നാശത്തിന്നും അവധിയില്ല. ദിവസന്തോറും പുതിയ രക്തത്താൽ ഭൂമിനനയ്ക്കപ്പെടുന്നു. മുറിവേററവരാലും മരിച്ചവരാലും ഭൂമി നടപ്പെടുകയും ചെയ്യുന്നു. അപ്രകാരം അന്യോന്യം വിപരീതമായി ആയുധം ധരിച്ചിരിക്കുന്ന ഓരോ മനുഷ്യർ ഒരേ ഒരു പരമപിതാവിന്റെ സന്തതികളാണെന്നോ, അവർ എല്ലാവരും ഒരേ സ്വഭാവത്തോടുകൂടിയവരാണെന്നോ, എല്ലാവരും ഒരേ ഒരു മനുഷ്യസമുദായത്തിൽ പെട്ടവർതന്നെ ആണെന്നോ ആരു പറയും? അവർ സ്വർഗ്ഗസ്ഥനായ ഒരേ ഒരു പിതാവിന്റെ മക്കളും അന്യോന്യം സഹോദരന്മാരുമാണെന്നു ആരു വിചാരിക്കും? ഓരോ പക്ഷത്തിലും വലിയ സൈന്യങ്ങളാൽ ഭയങ്കരമായ യുദ്ധങ്ങൾ നടത്തപ്പെടുമ്പോൾ ജാതികളും കുടുബങ്ങളും ആളുകളും വ്യസനപീഡിതരായിതീരുന്നു. ഓരോ ദിവസം ചെല്ലുന്തോറും വിധവകളുടേയും അനാഥന്മാരുടേയും സംഖ്യ ഭയങ്കരമായി വർദ്ധിച്ചുവരുന്നു. ഗതാഗതമാർഗ്ഗങ്ങളുടെ തടസ്ഥത്താൽ കച്ചവടങ്ങൾ നശിക്കുന്നു; കൃഷിസ്ഥലങ്ങൾ ശൂന്യങ്ങളായിത്തീർന്നിരിക്കുന്നു; ശില്പകലകളെ ശ്രദ്ധിക്കാതെ തള്ളിക്കളയപ്പെട്ടിരിക്കുന്നു, ധനികന്മാർ ദരിദ്രന്മാരായിത്തീർന്നിരിക്കുന്നു; ദരിദ്രന്മാർ നിരാധാരന്മാരായിത്തീർന്നിരിക്കുന്നു; എന്നു വേണ്ട സകലരും ദുഃഖപീഡിതരായിരിന്നിരിക്കുന്നു.

നമ്മുടെ സ്ഥാനാരോഹണത്തിന്റെ പ്രഥമ ഘട്ടത്തിൽവച്ചുതന്നെ ഇപ്രകാരമുള്ള ദോഷങ്ങളെപ്പററി തപിക്കുന്നവനായി നമ്മുടെ പൂർവ്വഗാമിയും, പരിശുദ്ധവും ഉദാരവുമായ സ്മരണസ്സർഹനും ആയ മാപ്പാപ്പാ തിരുമനസ്സിലെ അവസാന വാക്യങ്ങളെ രാജാക്കന്മാരേയും ഭരണകർത്താക്കന്മാരേയും ഓർപ്പിക്കുകയും അവയെ പുനരുച്ചരിച്ചുകൊണ്ടു നമ്മുടെ ഇടയനടത്ത ഭരണത്തെ തുടങ്ങുകയും ചെയ്യേണ്ടതു നമ്മുടെ പ്രധാന കടമയാണെന്നു നാം വിചാരിച്ചു. അതിനാൽ ഇതുവരെ പൊഴിക്കപ്പെട്ട കണ്ണുനീരിനേയും രക്തത്തേയും പററി ആലോചിപ്പാനും ജനങ്ങൾക്കു സമാധാനത്തിന്റെ വിലയേറിയ അനുഗ്രഹങ്ങളെ വേഗത്തിൽ വിണ്ടുകൊടുപ്പാൻ ഉത്സാഹിപ്പാനും നാം രാജാക്കന്മാരോടും ഗവർമ്മെണ്ടുകളോടും സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

ദിവ്യരക്ഷകൻ ഭൂമിയിൽ ആദ്യമായി വന്ന സമയത്തു എന്നപോലെ അവിടത്തെ വികാരിയുടെ നിലയിലുള്ള നമ്മുടെ കർത്തവ്യകർമ്മം ആരംഭിക്കുമ്പോഴും 'ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം' (ലൂക്കോസ് ൨. ൧൪.) എന്ന ദൈവദൂതന്റെ ശബ്ദം മുഴക്കപ്പെട്ടതിന്നു കരുണാകരനായ ദൈവം അനുവദിക്കട്ടെ. രാജ്യങ്ങളുടെ ഭാവിസ്ഥിതി തങ്ങളുടെ കൈവശത്തിൽവച്ചുകൊണ്ടിരിക്കുന്നവർ ഇതിനെ കേൾക്കുമാറാകട്ടെ എന്നു നാം പ്രത്യാശിക്കുന്നു. അവകാശങ്ങൾക്കു ദോഷം തട്ടിയവർക്കു നീതി ചെയ്യുന്നായി നിശ്ചയമായും വേറെ വഴികൾ ഉണ്ടു്. യുദ്ധോദ്യുക്തന്മാർ തങ്ങളുടെ ആയുധങ്ങളെ താഴെവച്ചിട്ടു് നല്ല വിശ്വാസത്തോടും സദുദ്ദേശത്തോടുംകൂടെ ഇവയെ സ്വീകരിക്കട്ടെ. നാം സംസാരിക്കുന്നതു അവരെപ്പററിയും മറെറല്ലാ ജാതികളെപ്പററിയുള്ള സ്നേഹംകൊണ്ടാണു; അല്ലാതെ സ്വകാര്യമായ യാതൊരുദ്ദേശ

ത്തോടുംക്രൂടിയല്ല. അതിനാൽ നാം സ്നേഹത്തോടും പിതാവിന്റെ സദുദ്ദേശമായും വരുന്നവാക്കുകൾ പാഴായിപ്പോകാൻ അവർ അനുവദിക്കാതെയിരിക്കട്ടെ.

സമുദായത്തിനു എതിരായ യുദ്ധം.

എന്നാൽ നമ്മുടെ വികാരങ്ങളെ ഇരുളാക്കുകയും നമ്മുടെ ആത്മാവിനെ അസ്വസ്ഥമാക്കി വ്യസനിപ്പിക്കുകയും ചെയ്യുന്നതു രക്തച്ചൊരിച്ചിലോടുക്രൂടിയ ഈ യുദ്ധം മാത്രമല്ല. ആധുനികസമുദായവ്യവസ്ഥയെ കണ്ടു നശിപ്പിക്കുന്ന മറെറാരു കഠിനയുദ്ധമുണ്ട്. ഈ യുദ്ധം ബുദ്ധിയുള്ള സകല മനുഷ്യരേയും ഭയപ്പെടുത്തുന്നതാണ്. എന്തുകൊണ്ടെന്നാൽ അതു ജാതികളുടെ ഇടയിൽ നാശത്തെ ക്രൂട്ടിയിരിക്കുന്നു; ക്രൂട്ടുകയും ചെയ്യുന്നു. അതിനും പുറമെ ഇപ്പോഴത്തെ അപായകരമായ യുദ്ധത്തിന്റെ വിത്തുകൾ അതിൽതന്നെ അടങ്ങിയിരിക്കുകയും ചെയ്യുന്നു. രാജ്യങ്ങളിൽ ക്രീസ്തിയ വിജ്ഞാനത്തിന്റെ നിയമങ്ങളും നടപടികളും അനുഷ്ഠിക്കപ്പെടാതെയിരുന്ന തുടങ്ങിയ ക്ഷണം മുതൽ (വ്യവസ്ഥാപനപളുടെ നിലനിലപ്പിനേയും സമാധാനത്തേയും രക്ഷിക്കാൻ ഈ നിയമങ്ങൾക്കും നടപടികൾക്കും മാത്രമെ കഴിവുള്ളു.) അതിന്റെ അവശ്യഭാവിഫലമായി രാജ്യങ്ങൾ അവയുടെ അടിസ്ഥാനങ്ങളിൽ ഉറപ്പുള്ളതെയാകയും ദൈവം വേഗത്തിൽ ഇടപെടാത്ത പക്ഷത്തിൽ മനുഷ്യസമുദായത്തിന്റെയെല്ലാം നാശം അടുത്തിരിക്കുന്നുയെന്നു തോന്നുമാറുള്ള ഒരു വലിയ മാറ്റം ആശയങ്ങൾക്കും നടപടികൾക്കും നേരിടുകയും ചെയ്യു. അതിനാലുണ്ടായിട്ടുള്ള കുഴപ്പങ്ങൾ, മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹമില്ലായ്മ, അധികാരികളോടുള്ളനിന്ദ സമുദായത്തിലെ വിഭിന്നവർഗ്ഗങ്ങൾ തങ്ങളിലുള്ള ചാർച്ചയിൽ അനീതി, (വേറെ വളരെ അധികം ആഗ്രഹിക്കത്തക്ക യാതൊരുവസ്തുവും ലഭിക്കാനില്ലാത്തതുപോലെ) ഭൌതികങ്ങളായ യോഗക്ഷേമങ്ങളെക്കുറിച്ചു മാത്രമുള്ള ശ്രദ്ധ എന്നിതുകളാകുന്നു. മനുഷ്യസമുദായം ഇത്രവലിയ അസ്വസ്ഥതയിലും കുഴപ്പത്തിലും ആകുവാനുള്ള നാലു കാരണങ്ങൾ, നമ്മുടെ അഭിപ്രായത്തിൽ ഇവയാകുന്നു. അതിനാൽ വ്യത്യാസങ്ങളേയും വൈരത്തേയും ഇല്ലായ്മചെയ്യാനാണുദ്ദേശമെങ്കിൽ ഇപ്രകാരമുള്ള കുഴപ്പങ്ങൾ തീർക്കുന്നതിനും ക്രിസ്തുൻപ്രമാണങ്ങളെ നിലനിറുത്തി പോരേണ്ടതിനും ഉത്സാഹിക്കേണ്ടതത്യാവശ്യമാകുന്നു.

ക്രിസ്തീയസ്നേഹം.

സാത്താന്റെ അസൂയയാൽ നശിച്ചുപോയ സമാധാനപൂർണ്ണമായ ഭരണത്തെ മനുഷ്യരുടെ ഇടയിൽ പുനഃസ്ഥാപിക്കാനായിട്ടാണ് മിശിഹാ സ്വർഗ്ഗത്തുനിന്നു അവതരിച്ചതു്. എന്നാൽ അതിനെ സ്നേഹമല്ലാതെ മറെറാന്നുമല്ലാത്ത അടിസ്ഥാനക്കല്ലിന്മേൽ സ്ഥാപിക്കാനായിട്ടാണ് അവിടുന്നു ആഗ്രഹിച്ചതു്. അതിനാലാണ് നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നു ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു; (ജാൺ ൧൩. ൩൪.) എന്നു ക്രൂശുകൊടെ അവിടുന്നു പറഞ്ഞിട്ടുള്ളതു 'നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നിതു എന്റെ കല്പനയാകുന്നു' ജോൺ ൧൫. ൧൨.) 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പാനായി ഇതുകളെ ഞാൻ നിങ്ങളോടു കല്പിക്കുന്നു.' (ജോൺ ൧൫. ൧൭.) ഇതിൽനിന്നു അവിടത്തെ ജീവിതോദ്ദേശവും കൃത്യവും മനുഷ്യരെ അന്യോന്യം സ്നേഹിപ്പിക്കേണ്ടതിനായിരുന്നുവെന്നു കാണാം. ഈ കായ്ത്തിലേക്കായി അവിടുന്നു എന്തു ശക്തിമത്തായ വാദങ്ങളെയാണ് സ്വീകരിക്കാതിരുന്നിട്ടുള്ളതു? അവിടുന്നു നമ്മോടെല്ലാം സ്വർഗ്ഗത്തേയ്ക്കു നോക്കാൻ കല്പിക്കുന്നു. 'എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലിരിക്കുന്ന ഏകനത്രെ നിങ്ങളുടെ പിതാവു' (മത്തായി ൨൩. ൯) അവിടുന്നു ജാതിഭേദമൊ ഭാഷാഭേദമൊ ഗണിക്കാതെ എല്ലാവരേയും ഒരേ ഒരു പ്രാർത്ഥനാവാക്യം തന്നെ പഠിപ്പിക്കുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ' (മത്തായി ൬. ൯.) മാത്രമല്ല, ഈ സ്വർഗ്ഗീയപിതാവു പ്രകൃതിവരങ്ങളെ പ്രദാനം ചെയ്യുന്നതിൽ യോഗ്യതയുടെ വ്യത്യാസത്തെപ്പോലും വകവയ്ക്കുന്നില്ലെന്നുക്രൂടി അവി

ടുന്ന നമുക്ക ഉറപ്പുതരുന്നു. 'നല്ലവരുടെമേലും ദുഷ്ടരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും, നീതിയുള്ളവരുടെമേലും നീതിയില്ലാത്തവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നു' .... പിതാവു് (മത്തായി ൫. ൪൫) അതിനും പുറമെ നാമെല്ലാവരും സഹോദരന്മാരാണെന്ന അവിടുന്ന പ്രസ്താവിക്കുന്നു. 'നിങ്ങളൊ എല്ലാവരും സഹോദരന്മാരത്രെ'. (മത്തായി ൨൩. ൮.) അവിടത്തെ സ്വന്ത സഹോദരന്മാരുമാകുന്നു. 'അവൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു' (റോമാ ൮. ൨൯) അനന്തരം നമുക്ക സഹജമായ അഭിമാനത്താൽ നിന്ദ്യതോന്നുന്നവരോടുപോലും സഹോദരസ്നേഹം ഉണ്ടായിരിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്ന ഔദാര്യചിന്തയായി തന്റെ സ്വന്ത അവസ്ഥയെ ഏറ്റവും താണതായി കരുതണമെന്നും അവിടുന്ന ആഗ്രഹിക്കുന്നു. 'ഏറ്റവും ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തപ്പോഴൊക്കെയും എനിക്കു ചെയ്തു.' (മത്തായി ൨൫. ൪൦) ഇഹലോകജീവിതം അവസാനിക്കാറായപ്പോൾ അവിടത്തെ വിശ്വസിച്ച എല്ലാവരും പരസ്നേഹത്തിൽ ഒന്നായി കെട്ടപ്പെട്ടിരിക്കണമെന്ന അവിടുന്ന പിതാവിനോടു മനഃപൂർവ്വമായി പ്രാർത്ഥിച്ചു. 'പിതാവെ! നീ എന്നിലും ഞാൻ നിന്നിലുമാകുന്നതുപോലെ' (യോഹ. ൧൭. ൨൧) അവസാനമായി അവിടുന്നു കുരിശിൽ തൂങ്ങി തന്റെ രക്തം ചൊരിഞ്ഞു. അതിന്റെ ഉദ്ദേശം ഒരു ശരീരത്തിലെ ഒന്നെത്തിനു മറ്റൊരംഗത്തോടുള്ളതുപോലെയുള്ള സ്നേഹത്തോടുകൂടി അവിടത്തെ ഏകശരീരത്തിൽ ഒന്നുപോലെ തുപികരിക്കപ്പെട്ടിട്ടുള്ള നമ്മൾ അന്യോന്യം സ്നേഹിക്കണമെന്നാകുന്നു.

സഹോദരഭാവം ഇല്ല.

എന്നാൽ ഇന്നു മനുഷ്യർ പ്രവർത്തിക്കുന്നതു വളരെ വ്യത്യാസപ്പെട്ടിട്ടാണു്. മനുഷ്യരുടെ സഹോദരത്വത്തെപ്പറ്റി ഇപ്പോഴത്തേതിനേക്കാളധികമായി ഒരിക്കലും പറയപ്പെട്ടിട്ടില്ല. സുവിശേഷത്തിലെ വാക്കുകളും മിശിഹായുടെയും അവിടത്തെ തിരുസഭയുടെയും വേലകളും മറക്കപ്പെട്ടിരിക്കുന്നു എങ്കിലും, സഹോദരസ്നേഹ ശൂന്യതാനിമിത്തം ആധുനികപരിഷ്കാരത്തിന്റെ ഒരു വിലയേറിയ ഗുണമാണെന്നു ഇപ്പോഴത്തെ കാലത്തു നടിച്ചുവരുന്നുണ്ടു്. എന്നാൽ വാസ്തവത്തിൽ മനുഷ്യരുടെ സഹോദരത്വം അനുഭവത്തിലും പ്രവൃത്തിയിലും വരുത്തായ ഒരു കാലം ഇന്നത്തെപ്പോലെ ഒരിക്കലും ഉണ്ടായിട്ടില്ല. മനുഷ്യവംശങ്ങൾ തമ്മിലുള്ള വെറുപ്പു അത്യന്തം വർദ്ധിച്ചിരിക്കുന്നു. പ്രകൃത്യാ ഉള്ള അന്തർഭേദങ്ങളാലല്ല വിദ്വേഷത്താലാണു ജനസമുദായങ്ങൾ അധികമായും വിഭജിക്കപ്പെട്ടിരിക്കുന്നതു്. ഒരേ ഒരു രാജ്യത്തിലും ഒരേ ഒരു നഗരത്തിൽതന്നെയും ഉള്ള ഭിന്നജാതിക്കാർ അന്യോന്യം കഠിനമായി വെറുക്കുന്നു. ആളുകളുടെ സംഗതിയാണെങ്കിൽ ഓരോരുത്തനും പരമോന്നതമായ നിയമത്താലെന്നപോലെ സ്വാർത്ഥപരതയാൽ ഭരിക്കപ്പെട്ടവരുന്നു.

പരിശുദ്ധ പിതാവിന്റെ മുഖ്യോദ്ദേശം.

വന്ദ്യ സഹോദരന്മാരെ, മിശിഹായുടെ പരസ്നേഹം മനുഷ്യരുടെ ഇടയിൽ വ്യാപിക്കേണ്ടതിനായി കഴിവുള്ള എല്ലാ ശ്രമങ്ങളും ചെയ്യേണ്ടതു് എത്ര ആവശ്യമായ സംഗതിയാണെന്നു നിങ്ങൾ കാണുന്നുവല്ലൊ. നമ്മുടെ ഉദ്യോഗകാലത്തിലെ മുഖ്യോദ്ദേശം എല്ലായ്പോഴും ഇതായിരിക്കും. ഇതു നിങ്ങളുടെയും വേലയായിരിക്കട്ടെ എന്നാണു നാം നിങ്ങളോടു വിളിച്ചു പറയുന്നതു്. 'അന്യോന്യം സ്നേഹിക്ക' (൧ യോഹ. ൩. ൨൩.) എന്നുള്ള യോഹന്നാൻ ശ്ലീഹായുടെ ഉപദേശത്തെ ഫലവത്താക്കിത്തീർക്കുന്നതിനായി എത്രമാത്രം നിബ്ബന്ധിച്ചു പരിശ്രമിച്ചാലും നാം ക്ഷീണിക്കാൻ പാടുള്ളതല്ല. നമ്മുടെ കാലത്തുള്ള ഭക്തിസംബന്ധമായ സ്ഥാപനങ്ങൾ വളരെ നല്ലവയും അനുകരണയോഗ്യങ്ങളുമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ അവ ഏതെങ്കിലും പ്രകാരത്തിൽ മൈത്രീസ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും ഹൃദയങ്ങളിൽ ഉണ്ടാക്കുന്നതിനു

ഉതകുന്നിടത്തോളം കാലം മാത്രമെ അവ കൊണ്ടു യഥാർത്ഥമായ ഗുണം ഉണ്ടാകയുള്ളു. അല്ലാത്തപക്ഷം അവയ്ക്കു യാതൊരു വിലയുമില്ല. എന്തെന്നാൽ, 'സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു' (൧ യോഹ. ൩. ൧൪.)

മേലധികാരത്തോടു ബഹുമാനം ഇല്ല.

അധികാരത്തിൽ ഇരിക്കുന്നവരുടെ അധികാരത്തെ ആളുകൾ അശേഷം വകവെക്കുന്നില്ല. ഇതാണു മേല്പറഞ്ഞ കുഴപ്പങ്ങളുടെയെല്ലാം മറെറാരു കാരണമെന്നു നാം പറഞ്ഞിട്ടുണ്ടല്ലൊ. സമസ്തലോകത്തിന്റെ പിതാവും സൃഷ്ടികർത്താവുമായ ദൈവത്തിങ്കൽ നിന്നും മനുഷ്യാധികാരങ്ങളെല്ലാം തന്നെത്താൻ മോചനം പ്രാപിപ്പാൻ നോക്കുകയും മനുഷ്യന്റെ സ്വതന്ത്രമനസ്സാണു അധികാരങ്ങളുടെ ഉല്പത്തിയെന്നു പറകയും ചെയ്വാൻ ശ്രമിച്ചുതുടങ്ങിയ സമയം മുതൽ മേലാവിലുള്ളവരും കീഴിലുള്ളവരും തങ്ങളിലുള്ള ബന്ധം വളരെ ദുർബലപ്പെട്ടുകയും അതു പ്രായേണ നശിച്ചു മാതിരി ആയിത്തീരുകയും ചെയ്തിരിക്കുന്നു. അതിരും ക്രമവും ഇല്ലാതെയുള്ള സ്വതന്ത്രബുദ്ധിയും അഹംകാരവും കൂടി സർവ്വത്ര വ്യാപിക്കയും അതു പ്രകൃതിയിൽനിന്നുതന്നെ വെളിവായി അധികാരം സിദ്ധിച്ചിട്ടുള്ള കുടുംബങ്ങളെപ്പോലും ആക്രമിക്കയും ചെയ്യുന്നു. ഇതിനെക്കാളൊക്കെയും അധികം കഷ്ടമായിട്ടുള്ളതു വിശുദ്ധസ്ഥലങ്ങളുടെ പടിവാതിൽക്കോളംകിലും അതു നിൽക്കാത്തതാണു. ഇതിനാലത്രെ നിയമങ്ങളെപ്പററിയുള്ള നിന്ദ, ജനസാമാന്യത്തിന്റെ കീഴ്വഴക്കമില്ലായ്മ, അധികാരികളുടെ കല്പനകളെപ്പററിയുള്ള നിന്ദ്യമായ ആക്ഷേപം, ശിക്ഷാക്രമത്തിൽനിന്നൊഴിഞ്ഞുനിൽക്കാനുള്ള അനേകം മാർഗ്ഗങ്ങൾ കണ്ടുപിടിക്കൽ, അരാജകന്മാരുടെ ഭയങ്കരമായ പാതകങ്ങൾ, അന്യന്മാരുടെ ജീവനേയും വസ്തുക്കളേയും നശിപ്പിക്കാനുള്ള മടിയില്ലായ്മ മുതലായ ദോഷങ്ങളെല്ലാം വർദ്ധിച്ചുവരുന്നതു്.

(തുടരും.)



തിരുഹൃദയഭക്തന്മാർ

ഫൻഫട്ട കുംഭമാസത്തിൽ വെക്കേണ്ട

പൊരുക്കുതൽ.

"ക്രിസ്തിയ വിനയം."

വേദപാരകനായ വി. ഫ്രാൻസീസ്സോസ് ദെ സാലേസ് എന്ന മഹാത്മാവിന്റെ അഭിപ്രായപ്രകാരം 'വിനയം' എന്നതു നമ്മുടെ ബാഹ്യനടപടിയെ നിയന്ത്രിക്കുന്ന ഒരു പുണ്യമാകുന്നു. ഈ പുണ്യത്തിനു വിരോധമായിട്ടുള്ള തിന്മകൾ നമ്മുടെ പ്രവൃത്തിയിലുള്ള ലഘുത്വവും അശ്രദ്ധയും നാട്യമായ സ്തുതിയും ആകുന്നു. ഈ പുണ്യം നമ്മുടെ ഉള്ളിന്ദ്രിയങ്ങളുടെ പതം കടന്ന പ്രവർത്തികളേ ക്രമേണയും ക്രമപ്പെടുത്തുന്നുണ്ടു. എന്നുമാത്രമല്ല മറ്റുള്ളവർക്കു സന്മാതൃക കാണിച്ചുകൊണ്ടു അവരെ സുകൃതത്തിലേക്കു ആകർഷിക്കുന്നതിനു ഈ പുണ്യത്തിനുള്ള ശക്തി ഒന്നു വേറെ തന്നെ ആകുന്നു. ഇതിനാലാണു് വി. പൌലോസ് ശ്ലീഹാ "നിങ്ങളുടെ വിനയം എല്ലാ മനുഷ്യർക്കും അറിയപ്പെടട്ടെ" എന്നു അരുളിച്ചെയ്തിരിക്കുന്നതു'.

വിനയം എന്ന പുണ്യത്തിന്റെ ഒരു മുഖ്യലക്ഷണം അധികാരികളോടു വണക്കവും അനുസരണവും പ്രദർശിപ്പിക്കുന്നതാകുന്നു. എന്നാൽ ഈ കാലത്തിൽ ദൈവികാധികാരത്തെ ആകട്ടെ ലൌകികാധികാരത്തെ ആകട്ടെ ഗണ്യമാക്കാതെ യാതൊരു അധികാരവും ഇല്ലായെന്നും സകലരും ഒരുപോലെ സമന്മാരെന്നും ജല്പിച്ചുകൊണ്ടു ലോകത്തിൽ നിന്നു എല്ലാവിധ അധികാരത്തേയും നിർമ്മൂലമാക്കുന്നതിനു ശ്രമിച്ചുവരുന്ന മനുഷ്യവർഗ്ഗ

ത്തിന്റെ ശത്രുക്കൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. മനുഷ്യരാകട്ടെ സ്വാഭാവികമായി സ്വാതന്ത്ര്യപ്രിയന്മാരായിരിക്കുന്നതിനാൽ ഈ തട്ടിപ്പുകാരുടെ വലയിൽ അകപ്പെട്ട നശിക്കാതിരിക്കുന്നതിനുള്ള ഒരുപോംവഴിയായിട്ടാണ് തിരുസഭ ഈ മാസത്തെ പൊതുക്കരുതലായി ക്രിസ്തീയവിനയം എന്ന പുണ്യത്തെ തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനാൽ തിരുഹൃദയഭക്തന്മാർ തങ്ങളുടെ ഈ കടമയെ നിറവേറ്റുന്നതിൽ പ്രത്യേകം താല്പര്യമുള്ളവരായിരിക്കണം. തിരുഹൃദയഭക്തി എന്നു പറയുന്നതുതന്നെ മ്ശിഹായുടെ നടപടികളെ കണ്ടുപഠിച്ചു പാട്ടപോലെ അവയ്ക്കൊത്തവിധം ജീവിക്കുന്നതാകുന്നു. വിനയത്തിന്റെ മാതൃകയായി മ്ശിഹായെക്കാൾ ഉത്തമമായിട്ടുള്ള മറ്റേതെങ്കിലും മാതൃക ഉണ്ടോ. ആകയാൽ ക്രിസ്തീയവിനയം എന്ന ഈ പുണ്യത്തിനു വിരോധമായിട്ടുള്ള സകല തിന്മകളും ഇല്ലാതാക്കുന്നതിനും തൻമൂലം തങ്ങളിലും ശേഷം ആളുകളിലും ഈ പുണ്യം പൂർവ്വാധികം വർദ്ധിച്ചുവരുന്നതിനും തിരുഹൃദയസഭക്കാർ പ്രത്യേകം ശ്രമിക്കേണ്ടിയിരിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം.

യുദ്ധത്തിനു ഒരു പര്യവസാനം വരുത്തുന്നതിനായി പരിശുദ്ധ പിതാവിനെ സഹായിക്കുവാൻ യുനൈറ്റഡ് സ്റ്റേയിറ്റുകാർ ഒരു പ്രതിനിധിയെ റോമിലേക്കു അയക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായി ചില റോമാപത്രങ്ങളിൽ കാണുന്നു.

കൊൺസ്റ്റാൻറിനോപ്പിളിൽ താമസിക്കുന്ന മാപ്പിപ്പാ തിരുമനസ്സിലെ പ്രതിനിധിയായ മെൺസിഞ്ഞോർ ഡോൾസി അവർകളും സുൽത്താനും തമ്മിൽ ഈയിടെ ഒരു കൂടിക്കാഴ്ച നടന്നതായും അതിന്റെ ഫലമായി മറ്റു രാജ്യങ്ങളിൽ നിന്നു അയച്ചിട്ടുള്ളതുപോലെ സുൽത്താന്റെ ഒരു സ്ഥാനപതി വത്തിക്കാനിൽ നിയമിപ്പാനടയുണ്ടെന്നും ഇങ്ങനെ വരുന്നപക്ഷം തുർക്കിരാജ്യവാസികളായ കത്തോലിക്കർക്കു വളരെ ഗുണങ്ങൾ സിദ്ധിക്കുവാൻ സംഗതിയുണ്ടെന്നും കാണുന്നു.

യുദ്ധത്തിൽ പിടിക്കപ്പെട്ടിട്ടുള്ള തടവുകാർ താമസിക്കുന്ന ഓരോ ദേശങ്ങളിലെയും മെത്രാന്മാർ, തടവുകാരുടെ ഭാഷ സംസാരിക്കുന്ന ഓരോ പട്ടക്കാരെ അവരുടെ ലൗകികവും ആത്മികവുമായ കാര്യങ്ങൾ അന്വേഷിക്കുന്നതിനും അവരെ നിബ്ബന്ധിച്ച് അവരുടെ വീടുകളിലേക്കു കത്തുകൾ എഴുതിക്കുന്നതിനുമായി അയച്ചുകൊടുക്കണമെന്നും തടവുകാർ അങ്ങനെ എഴുത്തുകൾ അയക്കാതിരുന്നാൽ പ്രസ്തുത പട്ടക്കാർതന്നെ അവരുടെ സ്ഥിതിയെപ്പറ്റി വീടുകളിലേക്കു എഴുതി അറിയിക്കണമെന്നും ഇതിലേക്കുള്ള തപാൽ ചെലവുകൾ പട്ടക്കാർ തന്നെ തൽക്കാലം വഹിക്കണമെന്നും അങ്ങനെയുള്ള ചെലവുകൾ പട്ടക്കാക്കു തിരികെ കൊടുക്കുന്നതാണെന്നും മാപ്പിപ്പാ തിരുമേനി ആ മെത്രാന്മാക്കെല്ലാം ഒരു തിരുവെഴുത്തയച്ചിരിക്കുന്നതായി കാണുന്നു.

ഇറ്റലിയിലെ പ്രധാനരാജ്ഞിയായ ഹെലെറ്റാ പ്രഭ്വിയും ഗ്രീസിലെ രാജാവായ കോൺസ്റ്റാന്റിനോസിന്റെ പുത്രിയും തമ്മിലുള്ള വിവാഹകർമ്മം മാപ്പിപ്പാതിരുമേനിതന്നെ നടത്തിയിരിക്കുന്നതായും തിരുമേനി ബൊളോഞ്ഞാ മെത്രാപ്പോലീത്താ ആയിരുന്നകാലത്തു ചെയ്തിരുന്ന ഒരു വാശ്ചാനമനുസരിച്ചാണ് ഇങ്ങനെ ചെയ്തതെന്നും കാണുന്നു. ഫ്രാൻസിസ്–ൽ ഒമ്പതാം പീയൂസ് മാപ്പിപ്പാ, കോസേർത്താപ്രഭ്വും ട്രാപ്പാനി പ്രഭ്വിന്റെ പുത്രിയും തമ്മിലുണ്ടായ വിവാഹത്തിൽ കാർമ്മികനായിരുന്നിട്ടുണ്ടെന്നും പറയപ്പെടുന്നു.

യുദ്ധത്തിൽ ചേരുന്നതിനു അശക്തന്മാരായിത്തീർന്നിട്ടുള്ള തടവുകാരെ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ രാജ്യക്കാരും വച്ചുമാറണമെന്നുള്ള മാപ്പിപ്പാ തിരുമേനിയുടെ അഭിപ്രായത്തെ ജോർജ് മഹാരാജാവു തിരുമനസ്സുകൊണ്ടു ഏറ്റവും തൃപ്തിയോടുകൂടെ സ്വീകരിച്ചു മറുപടി കൊടുത്തിരിക്കുന്നു. ഈ കാര്യം മുമ്പേതന്നെ ബ്രിട്ടീഷ് ഗവർമ്മെണ്ടു ജർമ്മൻ ഗവർമ്മെണ്ടിനോടു ആവശ്യപ്പെട്ടിരുന്നതാണ്. മാപ്പിപ്പാ തിരുമേനിയുടെ ഈ അഭിപ്രായം കൊണ്ടു അതു പ്രബലപ്പെടുന്നതാണ്.

കുമരകത്തുപള്ളി ഇടവകയിൽ അങ്ങാടിശ്ശേരിൽ ബ. ഒന്നേപ്പച്ചനവർകൾ പ്രമേഹരോഗത്താൽ അന്ത്യക്ലേശങ്ങളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു പരലോകപ്രാപ്യനായിരിക്കുന്നു. R. I. P.

മൂന്നു ദിവസത്തെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ശേഷം ജർമ്മനിയിലും ഓസ്ട്രിയായിലുമുള്ള കത്തോലിക്കർ തങ്ങളുടെ രാജ്യങ്ങളെ ഈശോയുടെ തിരുഹൃദയത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്നു.

ബൽജിയത്തിലെ ജർമ്മൻ അധികാരികൾ ആബെ ബെയോർട്ട് എന്ന പേരുള്ള വയോവൃദ്ധനായ ഒരു ബൽജിയം പട്ടക്കാരനെ ജർമ്മനിയിൽ നാല് വർഷത്തെ തടവു ശിക്ഷ വിധിച്ചിരിക്കുന്നു. ഇദ്ദേഹം ബ്രുജസിൽ ഏകാന്തവാസം കഴിക്കയായിരുന്നു. ജർമ്മൻകാർ അവിടെ പ്രവർത്തിച്ച കഷ്ടതകളെപ്പറ്റി ലണ്ടനിലെ ഒരു വർത്തമാനപത്രത്തിലേക്ക് എഴുതിയതെന്നുള്ളതാണത്രെ അദ്ദേഹത്തിന്റെ പേരിലുള്ള കുറ്റം.

ഇപ്പോൾ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന മൈറിഷ്ടേമാരുടെ ആത്മികകാര്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി, രണ്ടു സന്ന്യാസവൈദികരെ അയച്ചുകൊടുക്കണമെന്നു മാപ്പിപ്പാ തിരുമേനിയുടെ അടുക്കൽ ബ്രിട്ടീഷ് ഗവർമ്മെന്റു് ആവശ്യപ്പെടുകയും അതനുസരിച്ചു അവിടുന്നു റോമായിൽനിന്നു രണ്ടു വൈദികരെ അയച്ചുകൊടുക്കയും ചെയ്തിരിക്കുന്നു. ഇതുപോലെതന്നെ ജർമ്മൻ ഗവർമ്മെന്റും മാപ്പിപ്പാ തിരുമേനിയോടപേക്ഷിക്കയും അവർക്കും ഏതാനും വൈദികരെ അയച്ചുകൊടുക്കയും ഉണ്ടായിട്ടുണ്ടു.

ഇറ്റലിയിൽ ഭൂമികുലുക്കം നിമിത്തമുള്ള കഷ്ടതകൾ തീർക്കുന്നതിനു സകലരും ഒത്തുകൂടി വേണ്ട ശ്രമങ്ങളും സഹായങ്ങളും എത്രയും ഉത്സാഹത്തോടെ ചെയ്തുകൊണ്ടിരിക്കുന്നു. ആ കായ്യം ഉടനെ തീർത്തിട്ടു മറ്റൊരു വലിയ സംഗതിയിലേക്കു എല്ലാവരുടെയും ശ്രദ്ധ ഉടനെ പതിക്കേണ്ടതായിട്ടുണ്ടെന്നു്, ഈ സംഗതിയിലുള്ള ജനസാമാന്യത്തിന്റെ അസാമാന്യമായ ഉത്സാഹം വെളിപ്പെടുത്തുന്നുണ്ടു്. ഭൂമികുലുക്കമുണ്ടായതുകൊണ്ടൊന്നും അവിടത്തെ പൊതുനിലയ്ക്കു ഭേദഗതിയുണ്ടാകുമെന്നു വിചാരമില്ല. ഏറെ താമസിയാതെതന്നെ ഇറ്റലിയെ സംബന്ധിച്ചു എന്തെങ്കിലും വലിയ കായ്യങ്ങളുണ്ടാകുമെന്നും അതിനാൽ അതിനു സന്നദ്ധമാകാതിരുന്നാൽ ഇറ്റലി അപകടത്തിലാകുമെന്നും വർത്തമാനപത്രങ്ങൾ പ്രസ്താവിക്കുന്നു.

വിശുദ്ധന്മാരെ നാമകരണം ചെയ്യുന്നതിനായി തിരുക്കർമ്മങ്ങളുടെ സംഘം വകയായി ഈ ആണ്ടിൽ രണ്ടു യോഗം നടക്കുന്നതാണു. ഈ യോഗങ്ങളിൽ രണ്ടു പുണ്യാത്മാക്കളുടെ സംഗതിയെപ്പറ്റി പര്യാലോചിക്കുമെങ്കിലും ലോകപ്രസിദ്ധമായ ജോൺ ഓഫ് ആർക്കിന്റെ നാമം ഈ ക്രമത്തിൽ കാണുന്നില്ല.

തെന്നിൻഡ്യാ കത്തോലിക്കാ അസോസിയേഷന്റെ ഫ്രെമത്തെ സാധാരണ വാർഷികയോഗം അടുത്ത ഡിസംബർ മാസത്തിൽ സെന്റു ഗബ്രിയേൽസ് ഹൈസ്കൂൾഹാളിൽ വച്ചു നടത്തപ്പെടുന്നതാണു്. അസോസിയേഷന്റെ സ്ഥിരം പ്രസിഡണ്ടായ ഏലൻ മെത്രാപ്പോലീത്താ അവർകൾ അമേരിക്കയുറോപ്പിൽ നിന്നു തിരിച്ചെത്തി അഗ്രാസനം സ്വീകരിക്കുമെന്നാണു് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതു്.

ഈ ആണ്ടിൽ നവവത്സരമംഗളം ആശംസിക്കുന്നതിനായി റോമായിലുള്ള പ്രഭുക്കന്മാരും കുലീനന്മാരും പരിശുദ്ധ പിതാവിനെ സന്ദർശിച്ചപ്പോൾ അവർ സമർപ്പിച്ച മംഗളപത്രത്തിന്റെ സാരം ഇങ്ങനെയാണു്— "പരിശുദ്ധ പിതാവെ! അവിടുന്നു പത്രോസിന്റെ ആസനത്തിൽ ആരോഹണം ചെയ്തതിന്റെ ശേഷം ഇടംകൂടാതെയായി റോമാക്കാരായ പ്രഭുക്കന്മാരും കുലീനന്മാരും ആയ ഞങ്ങൾ ഞങ്ങളുടെ സുസ്ഥിരമായ വിശ്വാസത്തേയും പുതുനിവ്വിശേഷമായ അനുസരണത്തേയും പ്രദർശിപ്പിക്കുന്നതിനായി അവിടുത്തെ തൃപ്പാദത്തെ സമീപിച്ചുകൊള്ളുന്നു. സകല വിശ്വാസികളുടേയും സ്നേഹപിതാവിന്റെ നിലയിൽ അവിടുത്തെ ഹൃദയം ആഗ്രഹിക്കുന്നതെല്ലാം സംപൂർണ്ണമായി പൂർത്തീകരിച്ചുകൊണ്ടു അവിടത്തെ ഭരണം വിജയശ്രീയോടുകൂടിയതായിരിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. യുറോപ്പു യുദ്ധംമൂലം അവിടത്തെ ഹൃദയം പീഡ അനുഭവിക്കുന്ന ഈ അവസരത്തിൽ സമാധാനപാലനത്തിനായി അവിടുന്നു തുടങ്ങിയിരിക്കുന്ന ഉദ്യമം തിരുസഭയുടേയും അവിടത്തെ നാമത്തിന്റെയും സ്തുതിക്കും, അങ്ങെ പൈതൃക ഹൃദയത്തിന്റെ ആശ്വാസത്തിനും ആയിട്ടു സഫലമായി ഭവിക്കുവാൻ ഞങ്ങൾ ഹൃദയപൂർവ്വം ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു ശ്ലീഹാശ്ലൂഷ്ടത്ത ആശീസ്സു അപേക്ഷിച്ചുകൊള്ളുന്നു."